വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
ജൂലൈ

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

## കയർ ഫാക്ടറി മേഖലയിൽ പുതുക്കിയ വേതനം

## കയർവില പുതുക്കി നിശ്ചയിച്ചു




ഒരു വീട്ടിൽ
ഒരു കയർ ഉൽപന്നം
ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം
Coirfed
ഈ ഓണം
കയർഫെഡിനൊപ്പം
ആഘോഷിക്കൂ!
ഓഗസ്റ്റ് 8 മുതൽ സെപ്റ്റംബർ 30 വരെ
കയർഫെഡ്
മെത്തകൾക്ക്
20%
50%
ഡിസ്കൗണ്ട്
Deep Sleep
Coco Pot
Mattings
Coir Pith Briquette
Tiles
Cocofert
THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679, P.B.No.4616, Alappuzha,Kerala,
India Tel: +91 477 2243627, 2243628, 2243629 Email: coirfedho@gmail.com, mdcoirfed@gmail.com, Website: www.coirfed.com

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-5, No.- 12**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*
**Sunilkumar H.**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**Shammi Soman**
**D. Sajeev**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06

ദ്രൗപദി മുർമു:
കനൽ വഴികൾ താണ്ടിയ
പ്രഥമ വനിത

PAGE 10

മെഡിസെപ്:
സാമൂഹ്യ സുരക്ഷയുടെ
പുത്തൻ മാതൃക

PAGE 13

അശാസ്ത്രീയ വേതന
നിർണയത്തിന് അറുതി:
കയർ മേഖലയിൽ
പുതുക്കിയ വേതനം

PAGE 20

കയർ വില
പുനർനിർണയ സമിതി
റിപ്പോർട്ട് സമർപ്പിച്ചു

PAGE 26

സംരംഭകരാകൂ:
സർക്കാർ കൂടെയുണ്ട്

**ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

**കയർ വ്യവസായം**

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## തമിഴ്നാട് കയറിന്റെ ഭീഷണി: ചെറുത്തുനിൽപ്പ് ദൗത്യത്തിൽ പങ്കാളികളാകുക

**ത**മിഴ്നാട്ടിൽനിന്നുള്ള യന്ത്രക്കയറിന്റെ വിലക്കുറവ് മൂലം കേരളത്തിലെ കയർ വ്യവസായം കടുത്ത ഭീഷണി നേരിടുന്ന കാര്യം കഴിഞ്ഞ ലക്കം മുഖപ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയിരുന്നല്ലോ. ഈ പശ്ചാത്തലത്തിലാണ് ഈ ലേഖകൻ ചെയർമാനും കയർ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ കൺവീനറുമായി കയർ വില പുനർ നിർണയിക്കുന്നതിന് ഒരു സമിതി സർക്കാർ രൂപീകരിച്ചത്. സി.ഐ.ടി.യു, എ.ഐ.റ്റി.യു.സി, ഐ.എൻ.ടി.യു.സി, ബി.എം എസ്, യു.റ്റി.യു.സി, റ്റി.യു.സി.ഐ തുടങ്ങിയ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികൾ ഈ സമിതിയിൽ അംഗങ്ങളുമാണ്.

തമിഴ്നാട് യന്ത്രക്കയർ അഭ്യന്തര മാർക്കറ്റ് കീഴടക്കിയത് ഗുണമേന്മയും വിലക്കുറവും കാരണം ആണെന്ന് നിസംശയം പറയാൻ കഴിയും. ചകിരിച്ചോറിന്റെ വിപണിമൂല്യം വർദ്ധിച്ചത് വഴി തമിഴ്നാട് ചകിരിയിലുണ്ടായ വൻ വിലയിടിവ്, തമിഴ്നാട് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷ്യന്റെ ഉയർന്ന ഉത്പാദനക്ഷമത, തൊഴിലാളികളുടെ കൂലിക്കുറവ്, രണ്ട് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷ്യൻ ഒരു തൊഴിലാളി പ്രവർത്തിപ്പിക്കുന്നതു വഴി തൊഴിലാളികളുടെ ഉത്പാദനക്ഷമതയിലുണ്ടായ വർദ്ധനവ് എന്നീ കാരണങ്ങൾ കൊണ്ടാണ് തമിഴ്നാട്ടിലെ ഉത്പാദകർക്ക് കുറഞ്ഞവിലയ്ക്ക് കയർ വിൽക്കാനാവുന്നത്. തമിഴ്നാട് കയറിന്റെ ഗുണമേന്മയും എടുത്തുപറയേണ്ടതാണ്. ഏകീകൃതമായ പിരിമുറുക്കവും റണ്ണേജും കേരള കയറിന് ഉറപ്പുവരുത്താനാവുന്നില്ലെന്ന് മാത്രമല്ല നമ്മുടെ കയറിന്റെ ഡിസ്കൗണ്ട് കഴിഞ്ഞുള്ള വില തമിഴ്നാട് യന്ത്രക്കയറിന്റെ വിൽപ്പന വിലയെക്കാൾ 25 ശതമാനത്തോളം കൂടുതലായി നിൽക്കുകയുമാണ്.

ഈ സാഹചര്യത്തിൽ കേരളത്തിലേക്കുള്ള തമിഴ്നാട് കയറിന്റെ വരവ് തടയുന്നതിനു ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. കയർ വില നിർണയ സമിതി 26.07.2022ന് ബഹു. വ്യവസായ നിയമ കയർ മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ യോഗം ചേർന്ന് കയറിന്റെ വാങ്ങൽ വിലയിലും വിൽപ്പന വിലയിലും കുറവുവരുത്താൻ ഐക്യകണ്ഠേന തീരുമാനിച്ചിരിക്കുന്നു. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷ്യൻ (എ.എസ്.എം) കയറിന് 15 ശതമാനവും വൈക്കം കൈപ്പിരി കയറിന് 8 ശതമാനവും വിലക്കുറവ് വരുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കയർ മേഖലയിലെ എല്ലാ തൊഴിലാളി സംഘടനകളും സംയുക്തമായി എടുത്ത ഈ തീരുമാനം അംഗീകരിച്ച് തമിഴ്നാട് കയറിന്റെ കേരളത്തിലേക്കുള്ള വരവ് ചെറുക്കുന്നതിനുള്ള ദൗത്യത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ






കനൽ വഴികൾ താണ്ടിയ പ്രഥമ വനിത

# ദ്രൗപദി മുർമു: കനൽ വഴികൾ താണ്ടിയ പ്രഥമ വനിത

**ക**യ്യിലൊരു ചില്ലിക്കാശുമില്ലാത്തതിനാൽ മകളുടെ മൃതദേഹവും ചുമലിലേറ്റി കിലോ മീറ്ററുകളോളം കാൽനടയായി യാത്ര ചെയ്ത് വീടെത്തുന്ന പിതാവ്, പോഷകാഹാരക്കു റവിനാൽ അനുദിനം മരിച്ചു വീഴുന്ന പിഞ്ചുകുഞ്ഞുങ്ങൾ, വിശപ്പടക്കാൻ ഒരുപിടി അരി എടുത്തതിന് ആൾക്കൂട്ടത്താൽ മൃഗീയമായി കൊലചെയ്യപ്പെട്ട യുവാവ്, ഇന്ത്യയിലെ ആദിവാസി ജീവിതത്തിന്റെ നേർക്കാഴ്ചകൾക്ക് ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ നിരത്താനാവും. ഇത്തരം യാഥാർത്ഥ്യങ്ങൾ നിറഞ്ഞ ഇന്ത്യയുടെ പരമോന്നത പദവിയി ലേക്കാണ് ദ്രൗപദി മുർമു എന്ന ആദിവാസി വനിത അവരോധിക്കപ്പെട്ടിരിക്കുന്നത്.

രാജ്യത്തിന്റെ പരമോന്നത പദവിയിൽ എത്തുന്ന രണ്ടാമത്തെ വനിത. ആദിവാസി വിഭാഗത്തിൽനിന്നുള്ള രാജ്യത്തിന്റെ ആദ്യ സർവസൈന്യാധിപ, സ്വതന്ത്ര ഇന്ത്യയിൽ ജനിച്ച ആദ്യ രാഷ്ട്രപതി, ഈ പദവിയിലെത്തുന്ന ഏറ്റവും പ്രായംകുറഞ്ഞ വ്യക്തി എന്നീ പ്രത്യേകതകളോടെയാണ് ഇന്ത്യയുടെ പതിനഞ്ചാമത് രാഷ്ട്രപതിയായി ദ്രൗപദി മുർമു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

1958 ജൂൺ 20ന് ഒഡീഷയിലെ മയൂർഭൻജ് ജില്ലയിലെ ഉപർബേഡ ഗ്രാമത്തിലെ സന്താൾ ഗോത്രവർഗ കുടുംബത്തിലാണ് ദ്രൗപതി മുർമു ജനിച്ചത്.അച്ഛനും മുത്തച്ഛനും പഞ്ചായത്തീരാജ് സംവിധാനത്തിന് കീഴിൽ ഗ്രാമത്തലവന്മാരായിരുന്നു.



പുതി എന്നായിരുന്നു ആദ്യപേര്. അതോടൊപ്പം ടുഡു എന്ന കുടുംബപ്പേരും ചേർത്തിരുന്നു. സന്താൾ വർഗത്തിൽ ഒരു പെൺകുട്ടി ജനിച്ചാൽ മുത്തശ്ശിയുടെ പേരാണ് അവൾക്ക് നൽകുക. ആൺകുട്ടിയാണെങ്കിൽ മുത്തശ്ശന്റെയും. അങ്ങനെയാണ് പുതി എന്ന പേര് ലഭിച്ചത്. എന്നാൽ സ്കൂൾ പഠനകാലത്ത് ഒരു ടീച്ചർക്ക് ആ പേര് അത്ര ഇഷ്ടപ്പെട്ടില്ല. അവരാണ് പല പേരുകൾക്കൊടുവിൽ ദ്രൗപദി എന്ന പേര് നിശ്ചയിച്ച് നൽകിയത്. ഒരു ബാങ്കർ ആയിരുന്ന ശ്യാം ചരൺ മുർമുവിനെ വിവാഹം കഴിച്ചതോടെ പേര് ദ്രൗപദി മുർമു എന്നായി മാറി. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും ഒരു മകളും ഉണ്ടായിരുന്നു. ലക്ഷ്മൺ, സിപുൺ, ഇതിശ്രീ എന്നിവരായിരുന്നു മക്കൾ. രണ്ട് ആൺ മക്കളും അകാലത്തിൽ മരണമടഞ്ഞു. മകൾ ഇതിശ്രീ ഒഡീഷയിൽ ബാങ്ക് ജീവനക്കാരിയാണ്. രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് മുർമു സ്കൂൾ അധ്യാപികയായിരുന്നു. റായിരംഗ്പൂരിലെ ശ്രീ അരബിന്ദോ ഇന്റഗ്രൽ എജ്യൂക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് പ്രൊഫസറായും, ഒഡീഷ സർക്കാരിന്റെ ജലസേചന വകുപ്പിൽ ജൂനിയർ അസിസ്റ്റന്റായും ജോലി ചെയ്തിട്ടുണ്ട്.

1997ൽ മുർമു റായ് രംഗ്പൂർ നഗർ പഞ്ചായത്ത് കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടു. 2000ൽ റായ് രംഗ്പൂർ നഗർ പഞ്ചായത്തിന്റെ ചെയർപേഴ്സണായി. 2000 മുതൽ 2004 വരെ ഒഡീഷയിലെ റായ് രംഗ്പൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എ. ആയിരുന്നു. 2000 മാർച്ച് ആറു മുതൽ 2002 ഓഗസ്റ്റ് ആറുവരെ ഒഡീഷയിൽ സ്വതന്ത്ര ചുമതലയുള്ള വാണിജ്യ ഗതാഗത മന്ത്രിയായി ചുമതല നിർവ്വഹിച്ചു. 2002 ഓഗസ്റ്റ് ആറു മുതൽ 2004 മെയ് 16 വരെ ഫിഷറീസ് ആൻഡ് ആനിമൽ റിസോഴ്സസ് ഡവലപ്മെന്റ് മന്ത്രിയായിരുന്നു. 2007ൽ ഒഡീഷ ലെജിസ്ലേറ്റീവ് അസംബ്ലി അവർക്ക് മികച്ച എം.എൽ.എ.ക്കുള്ള നീലകാന്ത അവാർഡ് നൽകി ആദരിച്ചു.

2014ൽ മുർമു റൈരംഗ്പൂരിൽ നിന്ന് വീണ്ടും മത്സരിച്ചിരുന്നെങ്കിലും പരാജയപ്പെട്ടു. 2015 മെയ് 18 മുതൽ 2021 ജൂലൈ 12 വരെ ഝാർഖണ്ഡ് സംസ്ഥാനത്തെ ഗവർണ്ണർ ആയിരുന്നു. ജാർഖണ്ഡിന്റെ ആദ്യ വനിതാ ഗവർണറും, ഒഡീഷയിൽ നിന്ന് ഒരു ഇന്ത്യൻ സംസ്ഥാനത്തിന്റെ ഗവർണറായി നിയമിക്കപ്പെട്ട ആദ്യത്തെ വനിതാ ഗോത്ര നേതാവുമായിരുന്നു അവർ. സന്താൾ ഭാഷയിലും ഒഡിയയിലും മികച്ച പ്രാസംഗിക കൂടിയാണ് ദ്രൗപദി മുർമു.

ദ്രൗപദി മുർമുവിന്റെ രാഷ്ട്രപതി പദത്തിലേക്കുള്ള പ്രയാണം ഒട്ടും എളുപ്പമായിരുന്നില്ല. ജീവിതത്തിൽ പല ദുരന്തങ്ങളെയും നേരിട്ടായിരുന്നു അവരുടെ ജൈത്രയാത്ര. 2009 മുതൽ 2015 വരെയുള്ള കാലയളവിൽ ഭർത്താവിനെയും, രണ്ട് ആൺമക്കളെയും, സ്വന്തം അമ്മയെയും സഹോദരനെയും വരെ ദ്രൗപദിക്ക് നഷ്ടമായി. ജീവിതത്തിലെ ഈ ദുരന്ത നിമിഷങ്ങളെ കുറിച്ച്




**ദ്രൗപദി മുർമുവിന്റെ രാഷ്ട്രപതി പദത്തിലേക്കുള്ള പ്രയാണം ഒട്ടും എളുപ്പമായിരുന്നില്ല. ജീവിതത്തിൽ പല ദുരന്തങ്ങളെയും നേരിട്ടായിരുന്നു അവരുടെ ജൈത്രയാത്ര. 2009 മുതൽ 2015 വരെയുള്ള കാലയളവിൽ ഭർത്താവിനെയും, രണ്ട് ആൺമക്കളെയും, സ്വന്തം അമ്മയെയും സഹോദരനെയും വരെ ദ്രൗപദിക്ക് നഷ്ടമായി.**

പലപ്പോഴും അവർ മനസ്സ് തുറന്നിട്ടുണ്ട്. 2009ൽ സ്വന്തം മകൻ നഷ്ടമായ കാര്യത്തെ കുറിച്ച് അവർ ഇങ്ങനെ പറയുന്നു. ഞാനാകെ തകർന്നുപോയിരുന്നു. വിഷാദത്തിലായിരുന്നു ഞാൻ. മകന്റെ മരണത്തിന് ശേഷം ഉറക്കമില്ലാ രാത്രികളായിരുന്നു എനിക്ക്. എന്നാൽ കടുത്ത യാതനകളും പ്രതിസന്ധികളും അവരുടെ ഇഛാശക്തിയെ തളർത്തിയില്ല. എല്ലാ പ്രതിസന്ധികളോടും പോരാടി ഇന്നിപ്പോൾ അവർ രാജ്യത്തിന്റെ പരമോന്നത പദവിയിൽ എത്തിച്ചേർന്നിരിക്കുന്നു.

ഏതൊരു ഉന്നത അധികാരിയും സ്ഥാനം ഏറ്റെടുത്തതിനുശേഷം രാജ്യത്തെ ആദ്യമായി അഭിസംബോധന ചെയ്യുമ്പോൾ തന്റെ ആശയങ്ങളും കാഴ്ചപ്പാടുകളും ജനങ്ങളോട് പങ്കുവെക്കുക പതിവാണ്. എഴുതി വായിക്കുന്ന അത്തരം പ്രഭാഷണങ്ങൾ പലപ്പോഴും ജനങ്ങളുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങാറില്ലെന്നതാണ് സത്യം. എന്നാൽ ഇക്കുറി രാഷ്ട്രപതി നടത്തിയ ആദ്യം പ്രഭാഷണം തന്നെ രാജ്യത്തെ ഏറ്റവും താഴെക്കിടയിലുള്ള മനുഷ്യരുടെ ഹൃദയത്തിൽ വേരാഴ്ത്തി എന്നു പറയാതെ വയ്യ.

'ദരിദ്രർക്ക് സ്വപ്നം കാണുക മാത്രമല്ല അവ യാഥാർത്ഥ്യമാക്കാനും കഴിയും', തന്റെ ആദ്യ പ്രസംഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞ വാക്കുകളാണിത്. രാജ്യത്തിന്റെ 15ാം രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ദ്രൗപദി മുർമുവിനെ നിറഞ്ഞ കൈയ്യടികളോടെയാണ് പാർലമെന്റിലെ സെൻട്രൽ ഹാൾ സ്വാഗതം ചെയ്തത്. ''സ്വതന്ത്ര ഭാരതത്തിൽ ജനിച്ച് രാഷ്ട്രപതി പദത്തിലേക്ക് എത്തുന്ന ആദ്യത്തെ വ്യക്തിയാണ് ഞാൻ. സ്വതന്ത്ര ഇന്ത്യയിലെ പൗരന്മാരെ കുറിച്ച് നമ്മുടെ സ്വാതന്ത്ര്യ സമരപോരാളികൾക്ക് ഉണ്ടായിരുന്ന സ്വപ്നങ്ങൾ നിറവേറ്റാനുള്ള പരിശ്രമങ്ങൾ നമ്മൾ വേഗത്തിലാക്കേണ്ടതുണ്ട്. രാഷ്ട്രപതി പദവി എന്നത് തന്റെ വ്യക്തിപരമായ നേട്ടമല്ല. മറിച്ച് ഈ രാജ്യത്തെ ദരിദ്രരുടെ നേട്ടമാണ്. പാവപ്പെട്ടവർക്ക് സ്വപ്നം കാണുക മാത്രമല്ല അത് സത്യമാക്കാനും കഴിയും എന്നുള്ളതിന് തെളിവാണ് തന്റെ നോമിനേഷൻ''എന്നും ദ്രൗപതി മുർമു പറഞ്ഞു.

വർഷങ്ങളായി വികസനം നിഷേധിക്കപ്പെട്ട പാവപ്പെട്ടവരും ദളിതരും പിന്നോക്കക്കാരും ഗോത്രവർഗക്കാരുമായ ആളുകൾക്ക് തന്നെ അവരുടെ പ്രതിനിധിയായി കാണാൻ സാധിക്കും എന്നുള്ളത് സംതൃപ്തി തരുന്നു





വെന്നുവെന്ന് പറഞ്ഞ ദ്രൗപതി മുർമു തന്നെ സംബന്ധിച്ച് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുക എന്നത് പോലും ബുദ്ധിമുട്ടേറിയ കാര്യമായിരുന്നുവെന്നും കോടിക്കണക്കിന് സ്ത്രീകളുടെ സ്വപ്നങ്ങളുടേയും കഴിവുകളുടേയും പ്രതിഫലനമാണ് തന്റെ രാഷ്ട്രപതി പദവിയെന്നും കൂട്ടിച്ചേർക്കുന്നു.

സ്വന്തം ഭാവിയിൽ മാത്രമല്ല, രാജ്യത്തിന്റെ ഭാവിക്ക് അടിത്തറ പാകുന്നതിലും ശ്രദ്ധയൂന്നണമെന്നാണ് യുവാക്കളോടുള്ള രാഷ്ട്രപതിയുടെ ആഹ്വാനം. രാജ്യത്തെ അരികുവത്ക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിന് വേണ്ടി താൻ പ്രയത്നിക്കുമെന്ന അവരുടെ വാക്കുകൾ ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രനാരായണന്മാരിൽ ഉണ്ടാക്കിയിട്ടുള്ള പ്രതീക്ഷകൾ ചെറുതല്ല. ഇന്ത്യ എല്ലാ മേഖലകളിലും വികസനത്തിന്റെ പുതിയ അധ്യായങ്ങൾ രചിക്കുകയാണെന്നും കൊവിഡിന് എതിരെയുള്ള ഇന്ത്യയുടെ പോരാട്ടം ആഗോളതലത്തിൽ രാജ്യത്തിന്റെ സ്വാധീനം ഉയർത്തിയിട്ടുണ്ടെന്നും അവർ പറഞ്ഞു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം അമൃത മഹോത്സവമായി ആഘോഷിക്കുമ്പോൾ ഇന്ത്യ പുതിയ ആശയങ്ങളുമായി തയ്യാറായിരിക്കുകയാണെന്നും എല്ലാ ഭാഷകളേയും മതങ്ങളേയും ഭക്ഷണ ശീലങ്ങളേയും ആചാരങ്ങളേയും ചേർത്ത് പിടിച്ച് ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന സങ്കൽപ്പം നിർമ്മിക്കുകയാണ് നമ്മളെന്നും ആദ്യ പ്രസംഗത്തിൽ രാഷ്ട്രപതി പറഞ്ഞു.

രാജ്യത്തോടുള്ള ആദ്യ പ്രസംഗം മുതൽ ഇന്നോളമുള്ള അവരുടെ വാക്കുകളും പ്രവർത്തികളും രാജ്യത്തെ പാർശ്വവത്കരിക്കപ്പെട്ടവർക്കു നൽകിയിട്ടുള്ള പ്രതീക്ഷയും കരുത്തും വളരെ വലുതാണ്. കടുത്ത പ്രതിസന്ധികൾക്കു മുമ്പിൽ തളരാതെ, പതറാതെ സധൈര്യം മുന്നോട്ടുവന്ന് പൊതുപ്രവർത്തനരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അവർ രാഷ്ട്രപതി പദവിയിലേക്ക് കടന്നു വരുമ്പോൾ ജനങ്ങൾക്ക്, പ്രത്യേകിച്ച് ദലിത്-ആദിവാസി വിഭാഗങ്ങൾക്കും സ്ത്രീകൾക്കുമുള്ള പ്രതീക്ഷകൾ ഏറെയാണ്. പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കുവാനും ചേർന്നുനിൽക്കുവാനും അവർക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം. ഭരണകൂടത്തിന്റെ താൽപര്യങ്ങൾക്കപ്പുറത്തേക്ക് സ്വതന്ത്രമായ കാഴ്ചപ്പാടുകളും വിശാലമായ ചിന്താഗതിയും മുന്നോട്ടുള്ള പാതകളിൽദ്രൗപദി മുർമു എന്ന ഇഛാശക്തിയുടെ പ്രതീകത്തിന് കരുത്താകട്ടെ....

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ) പദ്ധതി - 2022 -23 സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നത് - അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.702/2022/ID തീയതി,തിരുവനന്തപുരം, 15-07-2022

---

പരാമർശം:- 1. കയർ വികസന ഡയറക്ടറുടെ 4.5.2022,16.6.2022 എന്നീ തീയതികളിലെ സി.പി.5/952/2022/ഡിസിഡി നം. കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ) പദ്ധതിക്കായി 900 ലക്ഷം രൂപ 2851-00-106-92-02 (പി) ശീർഷകത്തിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ളതായും സംസ്ഥാന വിഹിതയിനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കുമായി 25,65,00,683/-രൂപയുടെ ( ഇരുപത്തിയഞ്ചു കോടി അറുപത്തിയഞ്ചു ലക്ഷത്തി അറുനൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) അപേക്ഷകൾ എം.ഡി.എ പദ്ധതിയിൽ നിലവിൽ കുടിശ്ശികയായിട്ടുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ എം.ഡി.എ പദ്ധതിക്കായി സംസ്ഥാന വിഹിതമായി 2851-00-106-92-02 (പി) ശീർഷകത്തിൽ, വകയിരുത്തിയിട്ടുള്ള 9 0 0 ലക്ഷം രൂപ (തൊള്ളായിരം ലക്ഷം രൂപ മാത്രം) റിലീസ് ചെയ്തു നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം കയർ വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ എം.ഡി.എ പദ്ധതിക്കായി 2851-00-106-92-02(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **900 ലക്ഷം രൂപ (**തൊള്ളായിരം ലക്ഷം രൂപ മാത്രം**)** സംസ്ഥാന വിഹിതമായി അനുവദിച്ച് നൽകുന്നതിന്, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക പിൻവലിച്ച് സംസ്ഥാന വിഹിതയിനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും കൈമാറുന്നതിന് കയർ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച സംസ്ഥാന വിഹിതത്തിനാനുപാതികമായ കേന്ദ്രവിഹിതയിനത്തിൽ ലഭിക്കാനുള്ള തുക സമയബന്ധിതമായി കയർ ബോർഡിൽ നിന്നും ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടി കയർ വികസന ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH KUMAR SINHA

പ്രിൻസിപ്പൽ സെക്രട്ടറി






സാമൂഹ്യ സുരക്ഷയുടെ പുത്തൻ മാതൃക

# മെഡിസെപ്: സാമൂഹ്യ സുരക്ഷയുടെ പുത്തൻ മാതൃക

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേ**രളം ഉയർത്തിപ്പിടിക്കുന്ന സഹജാവബോധത്തിലും പരസ്പര സഹകരണത്തിലുമൂന്നിയ വികസനക്ഷേമ മാതൃകകളുടെ ദൃഷ്ടാന്തമാണു മെഡിസെപ് പദ്ധതി. സംസ്ഥാനത്തു സാർവത്രിക ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള രണ്ടാമത്തെ പദ്ധതിയായ മെഡിസെപ്, രാജ്യത്ത് സാർവത്രിക ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന ആദ്യ സംസ്ഥാനമെന്ന പദവിയിലേക്കു കേരളത്തെ എത്തിക്കുന്നതിനു കാരണമാകും.

സാമൂഹ്യ സുരക്ഷ ഒരുക്കുന്നതിന്റെ വലിയ ഘടകമാണ് ആരോഗ്യ സുരക്ഷ. രണ്ടാം നിര, മൂന്നാംനിര രോഗങ്ങളുടെ തോത് സംസ്ഥാനത്ത് ഉയർന്നു നിൽക്കുകയാണ്. ഇതുമൂലം ചികിത്സാ ചെലവിലും സ്വാഭാവിക വർധനവുണ്ടാകും. പൊതുജനാരോഗ്യ സംവിധാനം മികവുറ്റതാക്കിയാണു സർക്കാർ ഇതിനെ നേരിടുന്നത്. ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ആശ്വാസം ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്ത നിർവഹണത്തിന്റെ ഭാഗമാണ് മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി. ക്ഷേമ പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിൻവാങ്ങണമെന്നൊരു വാദഗതി ശക്തമായി ഉയരുന്നകാലമാണിത്. അതിന്റെ അലയൊലികൾ നമ്മുടെ രാജ്യത്തും




നിലനിൽക്കുന്നുണ്ട്. എന്നാൽ അതല്ല കേരളം നടപ്പാക്കുന്ന നയം. വ്യത്യസ്തമായ ബദൽ കേരളം പല രംഗത്തും നടപ്പാക്കുന്നുണ്ട്. ആരോഗ്യ സുരക്ഷാ മേഖലയിലും ആ ബദൽ നയംതന്നെയാണു സ്വീകരിച്ചിരിക്കുന്നത്.

പദ്ധതികളുടെ ഗുണഫലങ്ങൾ പരമാവധി ആളുകളിലേക്കെത്തിക്കാനാണ് സർക്കാർ ശമിക്കുന്നത്. ആ കാഴ്ചപ്പാടോയൊണു മെഡിസെപ് പദ്ധിയും ആരംഭിക്കുന്നത്. തദ്ദേശസ്വയംഭരണം ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ ശുചീകരണ ജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാരെ മെഡിസെപ്പിൽ അംഗങ്ങളാക്കിയിട്ടുണ്ട്. മെഡിക്കൽ റീഇംബേഴ്സമെന്റിന്റെ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ഇതുവരെ ലഭ്യമായിരുന്നില്ല. അരലക്ഷത്തിലേറെ ജീവനക്കാർക്കാണു പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. പൂർണമായും പണം ഒഴിവാക്കിയുള്ള ചികിത്സാ സൗകര്യമാണു മെഡിസെപ്പിലുള്ളത്. സംസ്ഥാനത്തിനുള്ളിലുള്ളതിനു പുറമേ സംസ്ഥാനത്തിനു പുറത്തെ പ്രധാന നഗരങ്ങളിലെ പതിനഞ്ചിൽപ്പരം ആശുപത്രികളിൽ ഇപ്പോൾ ചികിത്സാ സൗകര്യമൊരുക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും അവയവമാറ്റ ശസ്ത്രക്രിയ സൗകര്യമുള്ള ഒരു ആശുപത്രിയെങ്കിലും മെഡിസെപ്പിന്റെ ഭാഗമായുണ്ട്. മെഡിസെപ് നടപ്പിൽവന്നതിനു ശേഷവും സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഇപ്പോൾ ലഭിക്കുന്ന സൗജന്യ ഒപി ചികിത്സാ സഹായം തുടരും. നിലവിലുള്ള രീതിയിൽ ഒപി ചികിത്സാ ബില്ലുകളും ഡോക്ടർ സർട്ടിഫിക്കറ്റും അടക്കമുള്ള രേഖകൾ ഹാജരാക്കിയാൽ ചെലവ് സർക്കാർ മടക്കിനൽകും.

അടിയന്തര ഘട്ടങ്ങളിൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിലും ഇൻഷ്വറൻസ് സേവനം ലഭ്യമാക്കും. അവയവമാറ്റ ചികിത്സയ്ക്കു പ്രത്യേക തുക അനുവദിക്കും. ഇതിനായി 35 കോടി രൂപയിൽ കുറയാത്ത കോർപ്പസ് ഫണ്ട് രൂപീകരിക്കും. സർക്കാർ ജീവനക്കാരുടെ പങ്കാളി, അവരെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛനമ്മമാർ, മക്കൾ എന്നിവർക്കാണ് ഇൻഷ്വറൻസിന് അർഹത. കുടുംബത്തിലെ മറ്റു സർക്കാർ ജീവനക്കാരോ പെൻഷൻ വാങ്ങുന്നവരോ ആശ്രിതരല്ല. ഇവർക്ക് പദ്ധതിയിൽ ചേരാൻ പ്രത്യേകമായിത്തന്നെ അർഹതയുണ്ട്. മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവരുടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിൽ പ്രായപരിധി ഏർപ്പെടുത്തിയിട്ടില്ല. ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന നിലയിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റം ഇത്തരം ചുവടുവയ്പ്പുകൾകൂടി ചേർന്നതാണ്.

ജീവനക്കാരുടേയും പെൻഷൻകാരുടേയും പ്രീമിയം തുക മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്കു സർക്കാർ നൽകിയാണു പദ്ധതി നടപ്പാക്കുന്നത്. ഈ തുക 12 ഗഡുക്കളായി ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും തിരിച്ചുപിടിക്കും. പ്രതിമാസ വിഹിതം 500 രൂപയാണ്. പദ്ധതിക്കെതിരായുണ്ടായ എല്ലാ വെല്ലുവിളികളേയും തരണംചെയ്താണു മെഡിസെപ് യാഥാർഥ്യമാക്കുന്നത്. പദ്ധതിക്കെതിരേ അനാവശ്യ വിവാദങ്ങൾ ചില സ്ഥാപിതതാത്പര്യക്കാർ ഉയർത്തിയിട്ടുണ്ട്. ഇവരെ ജനം സ്വാഭാവികമായും തള്ളിക്കളയും. ദുഷ്ടലാക്കോടെയുള്ള ഇത്തരം പ്രചാരണത്തിൽ ആദ്യത്തേത് പ്രീമിയമായി നൽകുന്ന തുക സംബന്ധിച്ചാണ്. ഒരു വർഷം നൽകേണ്ട പ്രീമിയം 6,000 രൂപയെന്ന സർക്കാർ ഉത്തരവിൽ ജിഎസ്ടി അടക്കം 5664 രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ. ബാക്കി 336 രൂപ സർക്കാർ തട്ടിച്ചെടുക്കുന്നതായാണ് ഉയർത്തിയ വാദഗതി. എന്നാൽ അധികം വരുന്ന 336 രൂപ മെഡിസെപ്പിന്റെ ഭാഗമായി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിലാണു പോകുന്നത്. ഇതുപയോഗിച്ചാണു 12 മാരക രോഗങ്ങൾക്കും അവയവവമാറ്റം ഉൾപ്പെടെയുള്ള ചികിത്സകൾക്കും അധിക പരിരക്ഷ നൽകുന്നത്. സർക്കാർ ഒരു രൂപപോലും പ്രീമിയം നൽകുന്നില്ലെന്നതാണ് അടുത്ത ആരോപണം. പക്ഷേ സർക്കാരിന്റെ ഗ്യാരന്റിയെക്കുറിച്ച് ശബ്ദിക്കുന്നില്ല. പ്രതിവർഷം മൂന്നു ലക്ഷം രൂപ കവറേജിനു പുറമേ അവയവമാറ്റ ചികിത്സയ്ക്കും മറ്റും സഹായം ലഭ്യമാക്കുന്ന പദ്ധതി 6,000 രൂപ പ്രീമീയത്തിൽ നടപ്പാക്കാൻ കഴിയുന്നുവെന്നത് സർക്കാർ ഗ്യാരന്റിയുടെ വലിയ മൂല്യത്തിന്റ ഭാഗമാണ്. ഈ വസ്തുത മറച്ചുവച്ചാണ് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്.

മെഡിസെപ്പിൽ നൽകുന്ന തുകയുടെ മൂന്നിരട്ടി നൽകിയാലും സ്വകാര്യ ഇൻഷ്വറൻസ് കവറേജിൽ മെഡിസെപ്പിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കില്ല. മെഡിസെപ് ഒരു സർക്കാർ പദ്ധതിയാണെന്നതാണ് ഇതിനു കാരണം. ഗ്രൂപ്പ് ഇൻഷ്വറൻസായി നടപ്പാക്കുന്നതിനാലാണു സമാനതകളില്ലാത്ത ആനുകൂല്യങ്ങൾ ചെറിയ പ്രീമിയത്തിൽ ലഭിക്കുന്നത്. മെഡിസെപ്പിന്റെ ഭാഗമാകാൻ ഒരു നിയന്ത്രണവുമില്ലെന്നതും പ്രത്യേകതയാണ്. സ്വകാര്യ മെഡിക്കൽ ഇൻഷ്വറൻസ്

# ഏറ്റവും ബൃഹത്തായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി: ധനമന്ത്രി

**രാ**ജ്യത്തെയോ ലോകത്തെയോ ഏറ്റവും ബൃഹത്തായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായി മെഡിസെപ് മാറുകയാണെന്നു പദ്ധതിയുടെ ഉദ്ഘാടനചടങ്ങിൽ അധ്യക്ഷത വഹിച്ച ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. സർക്കാർ ജീവനക്കാർ, പെൻഷൻകാർ തുടങ്ങിയവരടക്കം 11.34 ലക്ഷം ആളുകൾക്കു പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഇവരുടെ കുടുംബാംഗങ്ങളടക്കം 35 ലക്ഷം ആളുകൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ കിട്ടും. ചരിത്രത്തിൽ ആദ്യമാണ് ഇത്ര ബൃഹത്തായ പദ്ധതി സർക്കാർ നടപ്പാക്കുന്നത്.

1920 ചികിത്സാ വിധികൾക്കാണ് മെഡിസെപ്പിലൂടെ പരിരക്ഷ കിട്ടുക. 15 സർജറി സ്പെഷ്യൽ പാക്കേജ്, 13 മെഡിക്കൽ സ്പെഷ്യൽ പാക്കേജ് എന്നിവയുമുണ്ട്. 2000 രൂപ വരെ റൂം സൗകര്യങ്ങളും കിട്ടും. അത്യാഹിത സന്ദർഭങ്ങളിൽ എംപാനൽഡ് അല്ലാത്ത ആശുപത്രികളിലും ചികിത്സാ സൗകര്യമുണ്ടാകും.

ചടങ്ങിൽ മെഡിസെപ് രജിസ്ട്രേഷൻ കാർഡുകൾ മുഖ്യമന്ത്രി വിതരണം ചെയ്തു. പദ്ധതിയുടെ വിവരങ്ങൾ അടങ്ങിയ ഹാൻഡ് ബുക്കും മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ ജി.ആർ. അനിൽ, റോഷി അഗസ്റ്റിൻ, എ.കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു, വി. ശിവൻകുട്ടി, മേയർ ആര്യ രാജേന്ദ്രൻ, ധനവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി രാജേഷ് കുമാർ സിങ്, ഓഫിസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്) മുഹമ്മദ് വൈ. സഫിറുള്ള, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ജനറൽ മാനേജർ ഗീത ശാന്തശീലൻ തുടങ്ങിയവർ പങ്കെടുത്തു.

പദ്ധതികളിൽ പ്രായം മാനദണ്ഡമാണ്. 40 വയസ് കഴിഞ്ഞവർക്ക് അംഗത്വം ലഭിക്കണമെങ്കിൽ ഉയർന്ന നിരക്കിൽ പ്രീമിയം നൽകണം. 40–45 വയസിനു മുകളിൽ പ്രീമെഡിക്കൽ ചെക്കപ്പ് അനിവാര്യമാണ്. സ്വകാര്യ ഇൻഷ്വറൻസ് പദ്ധതി ഒരാളെ ഇൻഷ്വറൻസ് പരിധിയിൽനിന്ന് എങ്ങനെ ഒഴിവാക്കാമെന്നുനോക്കുമ്പോൾ വിപരീതമായാണു മെഡിസെപ് ചെയ്യുന്നത്. 90 വയസുള്ള പെൻഷനറായാലും 20 വയസുള്ള ജീവനക്കാരനായാലും ഒരേ മാനദണ്ഡത്തിൽ ഒറ്റ പ്രീമിയമായ പ്രതിമാസം 500 രൂപയ്ക്ക് പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും രാജ്യത്തിനു മാതൃകയാകുംവിധം മികച്ച ആനുകൂല്യങ്ങൾ നൽകുകയുമാണു സർക്കാർ ചെയ്യുന്നത്. ജീവനക്കാരോടും അധ്യാപകരോടുമുള്ള സർക്കാരിന്റെ ഉന്നതമായ പ്രതിബദ്ധതയാണു മെഡിസെപ്പിലൂടെ വ്യക്തമാകുന്നത്.

ഈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ കഴിയണം. ചികിത്സയുടെ ഭാരിച്ച ചെലവിനു മുന്നിൽ നിസഹായരായി നിൽക്കേണ്ടി വരുന്ന ധാരാളം ആളുകളും കുടുംബങ്ങളുമുണ്ട്. പട്ടിണി കിടക്കാൻ പാടില്ലെന്ന് പറയുന്നതുപോലെ രോഗമുണ്ടെങ്കിൽ ചികിത്സിക്കാതിരിക്കുന്ന നിലയുണ്ടാകരുതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഭാരിച്ച ചെലവ് താങ്ങാനാകാത്ത സ്ഥിതി വരുമ്പോൾ താങ്ങാവുന്നത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ്. അത്തരം ഒരു വിപുലീകരണമാണ് ഈ പദ്ധതിക്ക് ഇനി ഉണ്ടാകേണ്ടത്.

മെഡിസെപ്പിനെക്കുറിച്ച് നല്ലതു പറയുന്നതിനൊപ്പം ഇതിനെ നല്ലതല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കാനിടയുണ്ട്. അത് ഗൗരവമായി കാണണം. ചില ആശുപത്രികളിൽ ചികിത്സ കഴിയുമ്പോൾ ഒരു തുക അടയ്ക്കണമെന്ന് പറയുന്ന സ്ഥിതിയുണ്ടായേക്കാം. ഇത് പദ്ധതിയെ തകർക്കുന്നതിനിടയാക്കും. ഇത്തരം നടപടികളെ ഗൗരവമായി കാണും. നല്ല ആശുപത്രി എന്ന് പേരു കേട്ടവരും ഇത്തരം ചില നിലപാട് സ്വീകരിച്ചെന്നു വരാം. ഇത്തരം ദൗർബല്യങ്ങൾ മെഡിസെപ്പിന്റെ ഭാഗമായി ഉണ്ടാകാൻ പാടില്ല. അരെങ്കിലും ഇങ്ങനെയുള്ള തെറ്റായ നടപടിക്ക് ഇരയായാൽ പരാതി നൽകാൻ തയ്യാറാകണം. പരാതി ലഭിച്ചാൽ മാത്രമേ ഇടപെടാനാകൂ. ദൗർബല്യങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകണം.



പദ്ധതി ആരംഭിച്ച് 19 ദിവസത്തിൽ 5.31 കോടി രൂപയുടെ ആനുകൂല്യം നൽകിക്കഴിഞ്ഞു. ഈ മാസം 18 വരെ 1986 ക്ലെയിമുകൾ വന്നു. ഓരോ ദിവസവും ഏതാണ്ട് 29.5 ലക്ഷം രൂപയുടെ ആനുകൂല്യം ഇൻഷ്വർ ചെയ്തവർക്ക് ലഭിച്ചു. മറ്റു മേഖലയിലേതു പോലെ ഈ രംഗത്തും സംസ്ഥാനം മാതൃകയായി മാറുമെന്നതിൽ സംശയമില്ല.

***(മെഡിസെപ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു കൊണ്ടും നിയമസഭാ സാമാജികർക്ക് മെഡിസെപ് പദ്ധതി പരിചയപ്പെടുത്തുന്നതിനായി നിയമസഭയിൽ നടത്തിയ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ടും മുഖ്യമന്ത്രി നടത്തിയ പ്രഭാഷണങ്ങളെ അടിസ്ഥാനപ്പെടുത്തി തയാറാക്കിയത്)***



അശാസ്ത്രീയ വേതന നിർണയത്തിന് അറുതി

# അശാസ്ത്രീയ വേതന നിർണയത്തിന് അറുതി

## • കയർ മേഖലയിൽ 9% വർധനയോടെ പുതുക്കിയ വേതനം പ്രഖ്യാപിച്ചു

**ക**യർ വ്യവസായ മേഖലയിൽ 60 വർഷമായി നിലനിൽക്കുന്ന അശാസ്ത്രീയ വേതന നിർണയ വ്യവസ്ഥ അവസാനിപ്പിച്ചുകൊണ്ട് ഒൻപത് ശതമാനം വർധനയോടെ പുതുക്കിയ വേതന നിരക്ക് നിലവിൽ വന്നു.

പുതിയ വേതനം പ്രകാരം പുരുഷ തൊഴിലാളിക്ക് ദിവസം 815.44 രൂപയും സ്ത്രീ തൊഴിലാളിക്ക് 680.88 രൂപയുമായിരിക്കും. 667 രൂപയാണ് പുതിയ അടിസ്ഥാന വേതനം. 2018 ലാണ് കയർ തൊഴിലാളികളുടെ വേതനം അവസാനം പുതുക്കിയത്. അശാസ്ത്രീയ രീതിയിൽ വേതനം നിർണയിച്ചിരുന്നത് അവസാനിപ്പിക്കാൻ കഴിഞ്ഞതു ചരിത്രനേട്ടമാണെന്ന് കയർ മന്ത്രി പി. രാജീവ് ഇക്കാര്യം അറിയിച്ചുകൊണ്ടുള്ള വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

തൊഴിലാളി സംഘടനകളുമായും ഫാക്ടറി ഉടമകളും കയർ കയറ്റുമതിക്കാരുമായി ഇക്കാര്യം ചർച്ച ചെയ്യാൻ അപെക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദനെ സർക്കാർ നിയോഗിച്ചിരുന്നു. മൂന്ന് ദിവസത്തെ ചർച്ചക്കൊടുവിലാണ് എല്ലാ തൊഴിലാളി സംഘടനകളും ഉടമകളും അനുകൂല തീരുമാനത്തിലെത്തിയത്. ഇത്തരമൊരു തീരുമാനം കൈക്കൊണ്ട തൊഴിലാളി സംഘടനകളെ മന്ത്രി അഭിനന്ദിച്ചു.

പഴയ വേതന നിർണയ സമ്പ്രദായം അവസാനിപ്പിച്ചതിൽ സന്തോഷം പ്രകടിപ്പിച്ച കയർ ഫാക്ടറി ഉടമകൾ സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം നടത്തുമെന്ന് ഉറപ്പ് നൽകി. ഉടമകൾ കൂടുതൽ ഉത്പാദന ക്ഷമത കൈവരിക്കണമെന്നും ആഗോള വിപണിയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. കയർ വ്യവസായം കൂടുതൽ ഉത്പാദന



ക്ഷമത കൈവരിക്കുക, കയറ്റുമതി വർധിപ്പിക്കുക എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനായി വിദഗ്ധ സമിതിയെ അടുത്ത മാസം സർക്കാർ നിയമിക്കും. വില കുറഞ്ഞ കയർ, ചകിരിയുമായി തമിഴ്നാട് വിപണി പിടിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കയറിന്റെ വാങ്ങൽ വില കുറയ്ക്കാൻ കയർഫെഡ് ചെയർമാനും കയർ കോർപ്പറേഷൻ ചെയർമാനും അംഗങ്ങളായ സമിതി സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എ.എസ്.എം കയറിന്റെ വാങ്ങൽ വിലയിൽ 15 ശതമാനവും വൈക്കം കയറിന്റെ വാങ്ങൽ വിലയിൽ 8 ശതമാനവും വില കുറയ്ക്കും.

കെട്ടികിടക്കുന്ന കയർ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാൻ ഓണക്കാലത്ത് പ്രത്യേക സ്റ്റാളുകൾ ഒരുക്കും. 20 ശതമാനം വിലക്കുറവ് ഉണ്ടായിരിക്കും. കയർ ഭൂവസ്ത്രത്തിന്റെ വിപണി വിപുലപ്പെടുത്താൻ കേന്ദ്ര പ്രതിരോധ മന്ത്രാലയം, റെയിൽവേ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവരുമായി ബന്ധപ്പെട്ട് വരികയാണെന്നും മന്ത്രി പറഞ്ഞു.

കയർ ഫാക്ടറി തൊഴിലാളികളുടെ കൂലി വർദ്ധനവും വേതന ഘടനാപരിഷ്ക്കരണവും സാധ്യമാക്കിയതോടെ ചരിത്രപരമായ ഒരു മാറ്റമാണ് കയർ മേഖലയിലുണ്ടായിരിക്കുന്നത്. 60 വർഷക്കാലമായി കേവലം മൂന്ന് രൂപയായിരുന്നു തൊഴിലാളികളുടെ അടിസ്ഥാന ശമ്പളമായി നിലനിന്നിരുന്നതെങ്കിൽ ഇനിമുതൽ പുരുഷ തൊഴിലാളികൾക്ക് 667 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 533 രൂപയുമായിരിക്കും അടിസ്ഥാന ശമ്പളം ലഭിക്കുക. കയറ്റുമതി പ്രതിനിധികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും നടത്തിയ ചർച്ചകൾക്കൊടുവിലാണ് കയർ വ്യവസായത്തിലെ വേതനഘടന മറ്റു മേഖലകളിലെ പോലെ പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചത്. ജീവിതച്ചിലവ് സൂചികയിലെ പോയിന്റിൽ ഓരോ പോയിന്റ് വർദ്ധനവിൽ ഒരു രൂപ വർദ്ധിക്കുന്നതും, സി.എൽ.ഐ പോയിന്റ് കുറയുന്ന പക്ഷം ഒരു രൂപ വീതം കുറവ് വരുന്നതുമാണ്. ഈ തീരുമാനങ്ങൾക്കനുസൃതമായി കയർ വ്യവസായത്തിലെ മറ്റു സമസ്ത മേഖലയിലും കൂലി ഘടന പരിഷ്ക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പുതിയ ഡി.എ വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് ഒരു സബ് കമ്മറ്റിയെ തെരഞ്ഞെടുക്കുന്നതിനും തീരുമാനമായിട്ടുണ്ട്. പുതിയ കൂലി നിരക്കുകൾ 2022 ആഗസ്റ്റ് 1–ാം തീയതി മുതൽ പ്രാബല്യത്തിൽ വരും.



2022 മാർച്ച് 1 മുതൽ ജൂലൈ 31 വരെയുള്ള കൂലി കുടിശിക മേൽ നിശ്ചയിച്ച ക്രമത്തിൽ കയറ്റുമതി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കരാർ പ്രാബല്യ തിയതി മുതൽ 30 ദിവസത്തിനകം നൽകും. അതോടൊപ്പം തന്നെ കൂലി പുതുക്കി നിശ്ചയിക്കുന്നതിന്റെ കാലതാമസം പരിഗണിച്ച് 30 ദിവസം സമയം അനുവദിച്ചിട്ടുണ്ട്. കയർ വ്യവസായത്തിലെ മറ്റ് എല്ലാ തൊഴിലാളികൾക്കും 4% കൂലി വർദ്ധനവ് ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. പായ നെയ്ത്ത്, അനുബന്ധ തൊഴിൽ, തടുക്ക് നെയ്ത്ത്, അനുബന്ധ തൊഴിൽ, കരാർ തൊഴിലുകൾ, ഫിനിഷിംഗ് മേഖല എന്നീ വിഭാഗം തൊഴിലാളികൾക്കു കൂടി നിലവിലുള്ള അടിസ്ഥാന വേതനത്തിൽ നിന്ന് 9% വർദ്ധനവ് നൽകിയിട്ടുണ്ട്.

ഈ കരാറിന് 2022 ആഗസ്റ്റ് 1 മുതൽ മൂന്ന് വർഷത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കും. നിലവിൽ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ദീർഘകാല കരാർ നിലവിലുള്ള ഇനം ജോലികൾക്ക് കൂലി വർദ്ധനവ് ഇപ്പോൾ വരുന്നില്ലെങ്കിലും ദീർഘകാല കരാർ അവസാനിക്കുന്ന മുറയ്ക്ക് അവരുടെ വേതനം സംബന്ധിച്ച് ചർച്ച ചെയ്ത് കൂലി പുതുക്കി നിശ്ചയിക്കുന്നതാണ്. ദീർഘകാല കരാറിൽ ഉൾപ്പെട്ട തൊഴിലാളികളിൽ മിനിമം വേതനം ലഭിക്കാത്തവർക്ക് ഈ വേതനം ഉറപ്പുവരുത്തുകയും ചെയ്യും.




*കയർഫെഡ് വഴിയും കയർ കോർപ്പറേഷൻ വഴിയും സർക്കാർ നൽകുന്ന ധനസഹായ വിതരണത്തിന്റെയും പദ്ധതി വിഹിതത്തിന്റെയും ഉദ്ഘാടനം വ്യവസായ-നിയമ-കയർ മന്ത്രി പി. രാജീവ് നിർവഹിക്കുന്നു. ചടങ്ങിൽ പി. പി. ചിത്തരഞ്ജൻ എം.എൽ.എ അധ്യക്ഷനായിരുന്നു. എച്ച്.സലാം എം.എൽ.എ, കയർ കോർപ്പറേഷൻ ചെയർമാൻ ജി വേണുഗോപാൽ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്. റഷീദ്, നഗരസഭാ കൗൺസിലർ റീഗോ രാജു, കയർ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ ഐ.എ.എസ്, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്., പൊതു മേഖലാസ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ കയർ വകുപ്പിലെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.*

കയർ മേഖലയിൽ മൗലികമായ മാറ്റം അനിവാര്യം

# കയർ മേഖലയിൽ മൗലികമായ മാറ്റം അനിവാര്യം

**പി രാജീവ്**
**വ്യവസായ- നിയമ- കയർ മന്ത്രി**

**ക**യർമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് മൗലികമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇതിനായി എല്ലാ വിഭാഗത്തിന്റെയും സഹകരണം ഉറപ്പാക്കികൊണ്ടുള്ള പദ്ധതിയാണ് സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. കയർ മേഖലയെ സഹായിക്കുക എന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. വൈവിധ്യവൽക്കരണത്തിലൂടെ വിപണി കൈയടക്കിയാലേ കയർ വ്യവസായത്തെ പുരോഗതിയിലേക്ക് നയിക്കാനാവൂ. കയർമേഖലയിലെ പുരോഗതിക്കായി രണ്ടാം കയർ പുനസംഘടന പദ്ധതി ഒന്നാം പിണറായി സർക്കാർ ആരംഭിക്കുകയുണ്ടായി. 1250 കോടി രൂപയുടെ ഒരു വലിയ പദ്ധതിയാണ് കയർമേഖലയ്ക്കായി അവതരിപ്പിച്ചത്. ഇതിന്റെ ഫലമായി കയർമേഖലയിൽ വലിയ മാറ്റങ്ങളുണ്ടായി. ചകിരിയുടെയും കയറിന്റെയും ഉത്പാദനം വർദ്ധിച്ചു. അതിന് ആനുപാതികമായി തൊഴിലാളികളുടെ വരുമാനവും വർദ്ധിക്കുകയുണ്ടായി. കയർ സഹകരണ സംഘങ്ങളുടെ തകർച്ചയെ മറികടക്കുന്നതിനുള്ള സാഹചര്യവും ഇതുമൂലം സംജാതമായി. കയർമേഖലയിൽ സർക്കാർ ചിലവഴിക്കുന്ന പണത്തിന്




ആനുപാതികമായി കയർമേഖലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരത്തിന് മാറ്റം ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

കയർതൊഴിലാളികളുടെ ജീവിതനിലവാരത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട് എങ്കിലും ചെലവഴിക്കുന്ന പണത്തിന്റെ തോത് കണക്കാക്കുമ്പോൾ അതനുസരിച്ച് നിലവാരം ഉയർന്നിട്ടില്ല എന്ന് വേണം കരുതുവാൻ. എന്നാൽ സർക്കാർ പണം ചെലവഴിച്ചു കൊണ്ടേയിരിക്കുന്നു. തൊഴിലാളികളും സംഘങ്ങളും ചെറുകിട ഉത്പാദകരും കയറ്റുമതിക്കാരും സംതൃപ്തരല്ല. പ്രതിസന്ധി ഉണ്ടെന്നാണ് കയർ മേഖലയിലെ പ്രധാനപ്പെട്ട വിഭാഗമായ ഇവരുടെയെല്ലാം അഭിപ്രായം. പ്രശ്നങ്ങളുടെ വേര് എവിടെയാണ് എന്ന് കണ്ടെത്തി പരിഹാരം കാണേണ്ടതുണ്ട്. രണ്ടാം കയർ പുനസംഘടന പദ്ധതി കയർമേഖലയിൽ വലിയ മാറ്റത്തിന് തുടക്കം കുറിച്ചു. ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടന പദ്ധതിയിൽ വരുമാനം ഉറപ്പ് പദ്ധതിയിൽ ഉത്പാദനക്ഷമത വർധിപ്പിക്കണമെന്ന തീരുമാനമെടുത്തിരുന്നു. എന്നാൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള നടപടി പ്രായോഗികതലത്തിൽ നടപ്പിലായിട്ടില്ല. വരുമാനം ഉറപ്പാക്കൽ പദ്ധതി വിഹിതം നൽകുന്നതിനുള്ള ഫോർമുല പരിഷ്കരിക്കേണ്ടതുണ്ടെന്ന കാര്യവും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്.

മൂന്നു കാര്യങ്ങളിൽ പ്രധാനമായും ഊന്നൽ നൽകേണ്ടതുണ്ട്. ഒന്ന് ഉത്പാദനക്ഷമത വർദ്ധിപ്പിക്കണം രണ്ട് ഉത്പാദനച്ചെലവ് കുറയ്ക്കണം ഇത് രണ്ടും പരസ്പര ബന്ധിതമാണ്. മൂന്നാമതായി വില നിലവാരം ഉയർത്തണം. അതോടൊപ്പം തന്നെ വൈവിധ്യമാർന്ന നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുവാനും കഴിയണം എന്നാൽ മാത്രമേ കയർ മേഖല നിലനിൽക്കുകയുള്ളൂ.

കമ്പോളത്തിലെ വില വ്യതിയാനം അനുസരിച്ച് കയർ മേഖലയിലും വിലനിലവാരം മാറിക്കൊണ്ടേയിരിക്കണം. പുറത്തുനിന്നും വിലകുറഞ്ഞ ചകിരിയും കയറും സംസ്ഥാനത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതനുസരിച്ച് നമ്മുടെ കമ്പോളത്തിലും മാറ്റം വരുന്നുണ്ട്. ഈ മാറ്റം കയർ മേഖലയിലും വരുത്തണം.തൊഴിലാളികളുടെകൂലികുറയ്ക്കാതെവേണം ഈ വ്യത്യാസം വരുത്തുവാൻ. ഉത്പദനക്ഷമത വർധിപ്പിച്ച് ഉത്പാദനച്ചെലവ് കുറയ്ക്കണം. മെഷീനിലും ഇലക്ട്രോണിക് റാട്ടിലെയും കയറിന്റെ വില കുറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കയർഫെഡ് സംഭരിച്ച കയർ ഗോഡൗണിൽ സ്റ്റോക്ക് ഇരിക്കുകയാണ്. വാടകയിനത്തിൽ തന്നെ വലിയ ചെലവ് വരികയാണ്. ചെലവിലെ ഒരു പ്രധാന ഹെഡ് ആയി വാടക മാറിക്കൊണ്ടിരിക്കുന്നു. കയർ ആവശ്യമുള്ളവർക്ക് നേരിട്ട് സംഘങ്ങളിൽ പോയി ഗുണനിലവാരം പരിശോധിച്ച് അവിടെനിന്നും വാങ്ങാവുന്നതാണ്. കയർ വാങ്ങിയതും ഇറക്കിയതും ആയി സങ്കൽപ്പിച്ച് ചാർജുകൾ വാങ്ങുന്ന നോക്കുകൂലി സമ്പ്രദായം അനുവദിക്കാൻ കഴിയില്ല. വേസ്റ്റേജ് ഒരു ശതമാനം നൽകുന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ കയർഫെഡ് അത് ഒഴിവാക്കിയിട്ടുണ്ട്.

സംഘങ്ങളുടെ കാര്യമെടുത്താൽ, കുറച്ചു സംഘങ്ങൾ ലാഭത്തിലാണ്. കുറച്ചു സംഘങ്ങളിലെ ഉത്പന്നങ്ങൾ കയറ്റുമതിക്കാർ ആ സംഘങ്ങളിൽ ചെന്നു വാങ്ങുന്നുണ്ട്. എന്നാൽ മറ്റ് ചില സംഘങ്ങൾ നഷ്ടത്തിലാണ് അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ കയർ കോർപ്പറേഷന്റെ ഗോഡൗണിൽ വിറ്റഴിക്കുവാൻ കഴിക്കാതെ കെട്ടിക്കിടക്കുകയുമാണ്. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നത്. പൊതുവായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് സംഘങ്ങളെ എല്ലാം ഒന്നായി ബാധിക്കേണ്ടതാണ്. എന്നാൽ ഇവിടെ അങ്ങനെ ഉണ്ടായതായി കാണുന്നില്ല. ഇതിനെക്കുറിച്ച് കയർ വികസന വകുപ്പ് വിശദമായി പഠിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെക്കുറിച്ച് പഠിക്കും. അതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെക്കുറിച്ചും പഠിക്കും. ഇവ തമ്മിലുള്ള വ്യത്യാസം എന്താണ് എന്നാണ് വിശദമായി പഠിക്കുവാൻ പോകുന്നത്.

അടുത്തതായി ശ്രദ്ധിക്കേണ്ട കാര്യം നിർമ്മിക്കുന്ന ഉത്പന്നം കമ്പോളത്തിന് ആവശ്യമുള്ളത് ആയിരിക്കണം എന്നതാണ്. ഞങ്ങൾ പരമ്പരാഗതമായി ഇങ്ങനെയെ ഉത്പാദിപ്പിക്കുകയുള്ളൂ എന്ന് നിശ്ചയിച്ചാൽ ഇത്തരം ഉത്പന്നങ്ങൾ വാങ്ങാൻ ആൾ ഉണ്ടാവണമെന്നില്ല. മാർക്കറ്റ് ഡിമാൻഡ് അനുസരിച്ചുള്ള ഉത്പന്നങ്ങൾ വിപണിയിൽ ഇറക്കിയാൽ മാത്രമേ വിപണന സാധ്യതയുള്ളൂ എന്ന് കാര്യം ശ്രദ്ധിക്കണം. കയർ കോർപ്പറേഷനും ഫോംമാറ്റിംഗ് ഇന്ത്യ ലിമിറ്റഡും സംയോജിപ്പിച്ച് ഒന്നാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ച് നൽകുന്ന മെഷിനറിയുടെ ഉത്പാദനക്ഷമത



വർധിപ്പിക്കുന്ന കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ചെന്നൈ ഐ.ഐ.ടിയെ ഏൽപ്പിച്ചിട്ടുണ്ട്. മെഷീനിൽ നൽകുന്ന പരിശീലനത്തിന്റെ ഗുണം ഉത്പാദന ക്ഷമത വർദ്ധനവിന് ഉപയുക്തമാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. കയർ മേഖലയെക്കുറിച്ച് സമഗ്രമായ ഒരു പഠനം ആവശ്യമാണ്. ഇതിനായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തും.

കയർ ഉത്പന്നങ്ങൾക്ക് ഇപ്പോൾ നല്ലൊരു വിപണി ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ മണ്ണ് ജല സംരക്ഷണത്തിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നല്ലനിലയിൽ പുരോഗമിച്ചു വരികയാണ്. കയർ വകുപ്പ് സെക്രട്ടറിയും കയർ വികസന ഡയറക്ടറും മുൻകൈയെടുത്തു കയർ ഭൂവസ്ത്രത്തിന്റെ വിപണനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പ്രതിരോധ വകുപ്പും റെയിൽവേയുമായി ചർച്ച നടത്തിയും കയർ ഭൂവസ്ത്രം അവിടങ്ങളിലെല്ലാം വിനിയോഗിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്. കേന്ദ്ര റെയിൽവേ മന്ത്രിയുമായി ചർച്ചചെയ്തു. കേരളത്തിൽ നിന്നുള്ള എം.പി.മാരും ആവശ്യമായ ഇടപെടലും ചർച്ചയും നടത്തി. ഇതിന്റെയെല്ലാം ഫലമായി കയർ ഭൂവസ്ത്രത്തിന് വലിയ വിപണി കൈവരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഭൂവസ്ത്രം പൊതുമരാമത്ത് റോഡ് വർക്കുകൾക്കും മറ്റും ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് അങ്ങനെ അവ ഉപയോഗിക്കുമ്പോൾ കയർ ഭൂവസ്ത്രത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിലും വിട്ടുവീഴ്ച പാടില്ല ഇന്നത്തെ കാലത്ത് ഉത്പന്നങ്ങൾക്ക് ലോകത്താകമാനം നല്ല മാർക്കറ്റ് ഉള്ളത് മനസ്സിലാക്കി പരമാവധി വിനിയോഗിക്കുവാൻ എല്ലാവരും പരിശ്രമിക്കണം.

കയർ കോർപ്പറേഷനിൽ 42 കോടി രൂപയുടെ കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്. ഇതിൽ പത്തു കൊല്ലം മുൻപുള്ള ഏകദേശം നാലു കോടി രൂപയുടെ ഉത്പന്നങ്ങളും ഉൾപ്പെടുന്നുണ്ട് എന്നാണ് മനസിലാക്കുന്നത്. ഇതെല്ലാം തരംതിരിച്ച് വിപണന സാധ്യത പരിശോധിച്ച് മേളകൾ സംഘടിപ്പിച്ച് വിപണനം ചെയ്യേണ്ടതുണ്ട്.

50 കോടിയോളം രൂപ തൊഴിലുറപ്പു പദ്ധതിയിൽ കയർഭൂവസ്ത്രം വിതരണം ചെയ്തതിൽ ലഭിക്കാനുണ്ട്. ഇതിൽ ആദ്യഘട്ടം പണം ലഭ്യമായിട്ടുണ്ട്. വരുമാനം ഉറപ്പ് പദ്ധതി പ്രകാരമുള്ള സഹായവും ഓണക്കാലത്ത് വിതരണം ചെയ്യുന്നതാണ്. അതുപോലെ കുറച്ചുകാലമായുള്ള സംഘങ്ങളുടെ ഒരു ആവശ്യമാണ് മാനേജീരിയൽ സബ്സിഡി. അതും സർക്കാരിന്റെ പരിഗണനയിലുണ്ട്.

***(കയർമേഖലയിലെ സഹകരണ സംഘങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെയും മറ്റു ധനസഹായങ്ങളുടെയും വിതരണം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തെ അധികരിച്ച് തയാറാക്കിയത്)***

# സുനിൽകുമാർ എച്ച്, കയർഫെഡ് ജനറൽ മാനേജർ

**ക**യർഫെഡിന്റെ ജനറൽ മാനേജരായി കയർ വികസന വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ സുനിൽ കുമാർ. എച്ച്-ന് അഡീഷണൽ ചുമതല നൽകി ഉത്തരവായി. കയർഫെഡ് ജനറൽ മാനേജരായി ചാർജ്ജ് വഹിച്ചിരുന്ന ആലപ്പുഴ കയർ പ്രോജക്ട് ആഫീസർ കെ.എസ്. വിനയകുമാറിന് പകരമായാണ് കായംകുളം കയർ പ്രോജക്ട് ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാറായ കെ.എസ്. സുനിൽകുമാറിനെ കയർഫെഡിൽ ജനറൽ മാനേജരുടെ അഡീഷൽ ചുമതല നൽകി കയർ വികസന ഡയറക്ടർ ഉത്തരവ് നൽകി നിയമിച്ചിരിക്കുന്നത്.

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- | 07024347446 | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed




# വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്, കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം








Customer Care Number :

**0477 2243627**

namasteads.com

**Call Now : 8281009828,8281009840**

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com



*കയറിന്റെ വില പുനർനിർണയിക്കുന്നതിന് ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട്, സമിതി അദ്ധ്യക്ഷൻ അഡ്വ. എൻ. സായികുമാർ സംസ്ഥാന വ്യവസായ-നിയമ കയർ മന്ത്രി പി. രാജീവിന് നൽകുന്നു. കൺവീനർ അഡീഷണൽ കയർ വികസന ഡയറക്ടർ കെ. നാരായണൻകുട്ടി, ട്രേഡ് യൂണിയൻ പ്രതിനിധികളായ എം.കെ. ശീമോൻ (എ.ഐ.റ്റി.യുസി), എസ്. രാജേന്ദ്രൻ (ഐ.എൻ.റ്റി.യു.സി) എന്നിവർ സമീപം*

കയർ വില പുനർനിർണയ സമിതി റിപ്പോർട്ട് സമർപ്പിച്ചു

# കയർ വില പുനർനിർണയ സമിതി റിപ്പോർട്ട് സമർപ്പിച്ചു

ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിലും ഇലക്ട്രോണിക് റാട്ടുകളിലും കൈപിരിയിലും ഉത്പാദിപ്പിക്കുന്ന കയറിന്റെ വില പുനർനിർണ്ണയിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട്, സമിതി അദ്ധ്യക്ഷൻ അഡ്വ. എൻ. സായികുമാർ സംസ്ഥാന വ്യവസായ-നിയമ കയർ മന്ത്രി പി.രാജീവിന് സമർപ്പിച്ചു. സമിതി കൺവീനറായ അഡീഷണൽ കയർ വികസന ഡയറക്ടർ കെ. നാരായണൻകുട്ടി, ട്രേഡ് യൂണിയൻ പ്രതിനിധികളായ എം.കെ. ശീമോൻ(എ.ഐ.റ്റി.യുസി), എസ്.രാജേന്ദ്രൻ (ഐ.എൻ.റ്റി.യു.സി), കയർഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരി എന്നിവരും തിരുവനന്തപുരത്ത് വെച്ച് റിപ്പോർട്ട് കൈമാറുന്ന ചടങ്ങിൽ പങ്കെടുത്തു.

ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിലും ഇലക്ട്രോണിക് റാട്ടുകളിലും കൈപിരിയിലും ഉത്പദിപ്പിക്കുന്ന കയറിന്റെ വില നിശ്ചയിക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനായി കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷനായി സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാൽ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്. റഷീദ്, കയർ തൊഴിലാളി യൂണിയൻ പ്രതിനിധികളായ റ്റി.കെ. ദേവകുമാർ, എൻ.ആർ. ബാബുരാജ് (സി.ഐ.റ്റി.യു), എം.കെ. ശീമോൻ, എ. അബ്ബാസ് (എ.ഐ.റ്റി.യു.സി), എ.കെ. രാജൻ, എസ്. രാജേന്ദ്രൻ (ഐ.എൻ.റ്റി.യു.സി), സി.എസ്. രമേശൻ (യു.റ്റി.യു.സി), സലിം ബാബു (റ്റി.യു.സി.ഐ), പി.ബി. പുരുഷോത്തമൻ (ബി.എം.എസ്), എന്നിവരും നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിട്ട്യൂട്ട് പ്രതിനിധിയും സമിതി അംഗങ്ങളാണ്. അഡീഷണൽ കയർ വികസന ഡയറക്ടർ കെ.നാരായണൻകുട്ടി സമിതി കൺവീനറാണ്. ഈ സമിതി വിവിധ കയർ സംഘങ്ങൾ സന്ദർശിച്ച് കയർ ഉത്പദനത്തിന്റെ വിവിധവശങ്ങളും വില നിലവാരവും ഉത്പദനക്ഷമതയും ഗുണനിലവാരവും വിശദമായി പഠിച്ചാണ് റിപ്പോർട്ട് തയാറാക്കിയത്.




# കയർവില പുനർനിർണ്ണയം: മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടി

കയർ വില പുനർ നിർണയ സമിതിയുടെ യോഗം ജൂലൈ അവസാനവാരം സംസ്ഥാന വ്യവസായ-നിയമ-കയർ മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ ആലപ്പുഴയിൽ ചേർന്നു. കയർ വില പുനർ നിർണ്ണയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സമിതി സ്തുത്യർഹമായ രീതിയിൽ പഠനവും വിശകലനവും നടത്തിയതിനു ശേഷമാണ് ചുരുങ്ങിയ സമയത്തിനുള്ളിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചതെന്ന് കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് പറഞ്ഞു. വിവിധ സംഘങ്ങൾ സന്ദർശിച്ച് നടത്തിയ പഠനത്തിൽ വരുമാന ഉറപ്പാക്കൽ പദ്ധതിക്കായി നിശ്ചിത വർക്ക ലോഡ് പുനർ നിശ്ചയിക്കണമെന്ന് കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അഭിപ്രായപ്പെട്ടു.

കയർവില പുനർനിർണയ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ വില നിർദ്ദേശം നിലവിലെ സാഹചര്യം പരിശോധിച്ച് നടപ്പിൽ വരുത്തുന്നതിന്റെ സാധ്യതകളെപ്പറ്റി കമ്മിറ്റി അംഗങ്ങളുടെ നിർദ്ദേശം സമർപ്പിക്കുവാൻ മന്ത്രി ആവശ്യപ്പെട്ടു

കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാൽ, കയർതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്. റഷീദ്, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ യോഗത്തിൽ സംസാരിച്ചു.

കയർപിരി മേഖലയിലെ വില നിർണയത്തെ ബാധിക്കുന്ന ഘടകങ്ങൾ, കയറ്റിറക്കുകൂലി, സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ ഉത്പാദനക്ഷമത, മെഷീനുകൾക്ക് കാലികമായി വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങിയവയെക്കുറിച്ച് അംഗങ്ങൾ യോഗത്തിൽ പ്രതിപാദിച്ചു. തുടർന്ന് വിശദമായ അഭിപ്രായങ്ങൾ ആരാഞ്ഞശേഷം കമ്മറ്റി നിർദ്ദേശിച്ച വിലയിൽ അല്പംകൂടി കുറവ് ആവശ്യമാണെന്ന് യോഗം അംഗീകരിക്കുകയും ചെയ്തു.യോഗ തീരുമാനങ്ങൾ ചുവടെ

1) 29.06.2022 തീയതിയിലെ സ.ഉ.(സാധാ.) നം.663/2022/വ്യവ ഉത്തരവ് പ്രകാരം രൂപീകൃതമായ കയർ വിലപുനർനിർണയ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എ.എസ്.എം. കയറിന് നിലവിലുള്ളതിന്റെ 15% വാങ്ങൽ വിലയിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചു.

2) വൈക്കം കയറിന്റെ വാങ്ങൽ വില നിലവിലുള്ളതിന്റെ 8 ശതമാനമായി കുറവ് വരുത്തുവാൻ. തീരുമാനിച്ചു.

കയർ വകുപ്പുമന്ത്രിക്കു പുറമെ കയർ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ്കുമാർ സിൻഹ ഐ.എ.എസ്, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാൽ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്. റഷീദ്, ടി.കെ. ദേവകുമാർ, എൻ.ആർ. ബാബുരാജ് (സി.ഐ.ടി.യു), എം.കെ. ശീമോൻ (എ.ഐ.റ്റി.യു.സി), എ.കെ.രാജൻ, എസ്. രാജേന്ദ്രൻ (ഐ.എൻ.റ്റി.യു.സി.), സി.എസ്. രമേശൻ (യു.റ്റി.യു.സി), സലിം ബാബു (റ്റി.യു.സി.ഐ), പി.ബി. പുരുഷോത്തമൻ (ബി.എം.എസ്), കെ. നാരായണൻകുട്ടി (അഡീഷണൽ കയർ ഡയറക്ടർ), പി.വി. ശശീന്ദ്രൻ (എം.ഡി. കെ.എം.എം.സി), മഞ്ജു എം. (കയർ ക്ഷേമനിധി സി.ഇ.ഒ) തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

Coirfed

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# COCOGREEN

## INOCULATED PITH
(Aerobic composting medium)



ഉറവിട മാലിന്യ സംസ്കരണത്തിന് ഉത്തമ മാർഗം.

മാലിന്യം വലിച്ചെറിയാതിരിക്കൂ..! ഉറവിട മാലിന്യ
സംസ്കരണത്തിലൂടെ ശുചിത്വകേരളം യാഥാർത്ഥ്യമാക്കാം...!







| Size- kg | MRP- Rs |
|---|---|
| 9 Kg | 180 |

## കയർഫെഡ് ഇനോക്കുലേറ്റഡ് പിത്ത്

ഉറവിട മാലിന്യ സംസ്കരണത്തിന്
ഒരു ഉത്തമ മാർഗം.

Coirfed

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679,**
P.B.No.4616, Alappuzha,Kerala, India. Tel: 0477 2243627, 2243628 , 2243629, 2244109(D)
www.coirfed.com, Email: coirfedho@gmail.com, mdcoirfed@gmail.com
Call: 82810 09817, 82810 09840, 82810 09828, 94956 05091

## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 4 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 5 | Shri. K. Narayanan Kutty, Dy. Registrar<br>Coir Development Dept. | 0471 2322046 | 9846552820 |
| **II** | **Coir Project Offices** | | |
| 1 | Shri.K.J.Prabhakumar, Chirayinkeezh | 0470-2626581 | 9947060707 |
| 2 | Shri.Shaji.G, Kollam | 0474-2793412 | 8547746815 |
| 3 | Shri.Gopakumar.C, Kayamkulam | 0479-2442469 | 8848203103 |
| 4 | Shri.Vinaya Kumar.K.S, Alappuzha | 828109816 | 9747009727 |
| 5 | Smt.Smitha Jacob, Vaikom | 04829-231371 | 9652285952 |
| 6 | Shri.Abdul Nazeer.V.H, North Paravoor | 0484-2442533 | 9446312723 |
| 7 | Shri.B.Gopakumar, Thrissur | 0487-2423047 | 9061480466 |
| 8 | Shri.Basheer.P.A, Ponnani | 0494-2666029 | 8921175388 |
| 9 | Smt.Sindhu.P.R , Kozhikode | 0495-2768460 | 9447543397 |
| 10 | Shri.Muhammed Haneefa.P.T, Kannur | 0497-2705034 | 9400537160 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. Sunilkumar H., General Manager | 8281009870 | |
| 3 | Smt. Shammi Soman, Finance Manager | | 9633683031 |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Bivin B. Nair, System Analyst | | 6282989943 |
| 6 | Shri. D. Sajeev, Personnel Manager | | 9947562237 |
| 7 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 8 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 11 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 12 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 13 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 14 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 15 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 16 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 17 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 18 | Manager, RB Unit | | 9497635914 |
| 19 | Shri. Baburaj, Central Stores Manager | 0477-2242471 | |

# പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കും: മന്ത്രി പി. രാജീവ്




**പൊ**തുമേഖലാ സ്ഥാപനങ്ങൾ ലാഭകരവും മത്സരക്ഷമവുമാക്കുന്നതിനായി കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുമെന്ന നയത്തിന്റെ ഭാഗമായി ഡയറക്ടർ ബോർഡുകൾ കൂടുതൽ പ്രൊഫഷണലൈസ് ചെയ്യാൻ ശ്രമിക്കുകയാണ്. ഈ നീക്കത്തിന്റെ ഭാഗമായി വ്യവസായം, കയർ, കശുവണ്ടി എന്നീ വകുപ്പിന് കീഴിലുള്ള അമ്പതിൽപരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻമാർക്ക് വേണ്ടി സംഘടിപ്പിച്ച ഏകദിന ശില്പശാല മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

പൊതുമേഖല ബദലാകണമെങ്കിൽ അവ ലാഭകരമാകണം. ലാഭകരമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. മാർക്കറ്റിംഗ് രംഗത്തടക്കം സ്വകാര്യ മേഖലയിലെ വ്യവസായങ്ങളുമായി കിടപിടിക്കാൻ പൊതുമേഖലയ്ക്ക് സാധിക്കുമ്പോൾ മാത്രമേ ഈ മാതൃക നമുക്ക് ഉയർത്തിക്കാണിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകാനുള്ള പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ട് പരിഗണനയിലാണ്.

കമ്പനി നിയമം 2013 പ്രകാരം ജനറൽ ബോഡി, ഡയറക്ടർ ബോർഡ്, എം.ഡി, ചെയർമാൻ എന്നിവർക്കുള്ള ഉത്തരവാദിത്തങ്ങൾ, വികസന പദ്ധതികൾ, ഓരോ കമ്പനിയുടെയും ബോർഡ് തലത്തിൽ നടത്തേണ്ട സാമ്പത്തികകാര്യ വിശകലനം, സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ, സ്റ്റേറ്റ് വിജിലൻസ് മാനുവൽ എന്നീ മേഖലകളിൽ പൊതുമേഖലാസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്തു.





# കടകംപള്ളി സംഘത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു



*കടകംപള്ളി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. നിർവഹിക്കുന്നു.*

**തി**രുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കയർ പ്രോജക്റ്റിനു കീഴിലുള്ള കടകംപള്ളി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ടി 891 ന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. നിർവഹിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സംഘമാണ് നിർമ്മാണ കരാർ ഏറ്റെടുത്തത്.

ഒന്നാം പിണറായി സർക്കാരിൽ കടകംപള്ളി സുരേന്ദ്രൻ സഹകരണ ടൂറിസം മന്ത്രിയായിരുന്നപ്പോഴാണ് സംഘത്തിന് സ്വന്തമായി സ്ഥലം അനുവദിച്ചു അവിടെ കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതിപ്രകാരം നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. അന്ന് കയർ വകുപ്പ് സെക്രട്ടറി ആയിരുന്ന എൻ. പദ്മകുമാർ ഐ.എ.എസ്. സംഘത്തിന് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിൽ ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകി.

ഒരുകാലത്ത് കയറിന്റെ റാട്ട് തിരിക്കുന്ന ശബ്ദത്തിൽ മുഖരിതമായിരുന്ന ഒരു കയർ ഗ്രാമമായിരുന്നു കടകംപള്ളി. കടകംപള്ളി സംഘത്തിന്റെ ഓഫീസ് ഇതുവരെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. സംഘത്തിന്റെ ചിരകാല അഭിലാഷമായിരുന്നു സ്വന്തമായ സ്ഥലത്ത് ഒരു ആസ്ഥാനമന്ദിരവും ഗോഡൗണും. ആ ആഗ്രഹമാണ് ഇപ്പോൾ സഫലമായിരിക്കുന്നത്. ഉദ്ഘാടന ചടങ്ങിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അധ്യക്ഷത വഹിച്ചു. മുൻ കയർ വകുപ്പ് സെക്രട്ടറി എൻ. പത്മകുമാർ ഐ.എ.എസ്. (റിട്ട.), കയർ വികസന വകുപ്പ് ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർ പ്രോജക്ട് ഓഫീസർ, ചിറയിൻകീഴ് കെ.ജെ. പ്രഭുകുമാർ, എൻ. അജിത് കുമാർ, എസ്. മോഹനൻ, കരിക്കകം രാജൻ, പ്രവീൺ എന്നിവർ പങ്കെടുത്തു. സംഘം പ്രസിഡന്റ് എസ്. ശ്രീരംഗൻ സ്വാഗതവും സെക്രട്ടറി ശരത് എസ്. കുമാർ നന്ദിയും പറഞ്ഞു.



*കടകംപള്ളി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ സംസാരിക്കുന്നു.*




സംരംഭക വർഷം 2022 – 23

# സംരംഭകരാകൂ: സർക്കാർ കൂടെയുണ്ട്

- **സംരംഭകർക്ക് പുതിയ വായ്പാ പദ്ധതിയുമായി വ്യവസായ വകുപ്പ്**

'എന്റെ സംരംഭം നാടിന്റെ അഭിമാനം' എന്ന മുദ്രാവാക്യത്തോടെ ഈ സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾക്ക് സംസ്ഥാനത്ത് തുടക്കം കുറിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം വ്യവയായ മേഖലയിൽ അഭൂതപൂർവ്വമായ ഉണർവ്വുണ്ടാക്കി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം നാലു മാസം പിന്നിടുമ്പോൾ ഇതുവരെ 42699 എം.എസ്.എം.ഇ.കൾ (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ) രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതിലൂടെ 92855 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനായി. കഴിഞ്ഞ വർഷം 17,000 സംരംഭങ്ങളായിരുന്നു രജിസ്റ്റർ ചെയ്തത്. ഈ പദ്ധതിക്ക് പ്രോത്സാഹനമേകുന്ന പുതിയ സംരംഭ വായ്പാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാ ടനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സംരംഭകർക്കായി പുതിയ വായ്പ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 10 ലക്ഷം വരെയുള്ള വായ്പകൾ നാലു ശതമാനം പലിശനിരക്കിൽ ആണ് സംരംഭകർക്ക് ലഭ്യമാക്കുന്നത്. വ്യവസായ വകുപ്പിന്റെ പ്രത്യേക പലിശ സബ്സിഡിയും ഈ വായ്പ പദ്ധതിയുടെ ആകർഷണമാണെന്ന് മന്ത്രി വിശദീകരിച്ചു. വായ്പ പദ്ധതിയുടെ ആദ്യ 13 ഗുണഭോക്താക്കൾക്കുള്ള വായ്പ അനുമതി സർട്ടിഫിക്കറ്റ് മന്ത്രി ചടങ്ങിൽ കൈമാറി.

എം.ബി.എ.ക്കാരായ ആയിരത്തിലേറെ ഇന്റേണുകളെ നിയമിച്ച് നവസംരംഭകരെ സഹായിക്കാൻ വകുപ്പ് പ്രത്യേക ഹെൽപ് ഡെസ്ക് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. സംരംഭകരെ സഹായിക്കാൻ പ്രവർത്തിക്കുന്ന ഇന്റേണുകളുടെ പ്രവർത്തന റിപ്പോർട്ട് മന്ത്രിതലം മുതൽ പരിശോധിക്കാനും വിലയിരുത്താനും കഴിയുന്ന മൊബൈൽ ആപ്ലിക്കേഷന്റെ ഔദ്യോഗിക ഉദ്ഘാടനവും നടന്നു. ബാങ്കുകളുടെ സഹായത്തോടെ ഒരു പഞ്ചായത്തിൽ 1000 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞാൽ അത് സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയിൽ വലിയ മാറ്റമുണ്ടാക്കുമെന്നും പുതിയ സംരംഭക വായ്പ പദ്ധതിയിലൂടെ സംരംഭക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും അധ്യക്ഷനായിരുന്ന വി.കെ. പ്രശാന്ത് എം.എൽ.എ പറഞ്ഞു.

മുദ്രാലോണിന്റെ അതേ നടപടി ക്രമങ്ങൾ പാലിച്ചാണ് സംരംഭക വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുള്ളത്. വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കെ.എസ്.ഐ.ഡി.സി എം.ഡി. എം.ജി രാജമാണിക്കം, കെ.എഫ്.സി എക്സിക്യൂട്ടീവ് ഡയറക്ടർ പ്രേംനാഥ് രവീന്ദ്രൻ, സംസ്ഥാന ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ എസ്. പ്രേംകുമാർ, അസോസിയേഷൻ പ്രതിനിധികൾ, ബാങ്കുകളുടെ പ്രതിനിധികൾ, സംരംഭകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കേരളത്തിൽ വ്യവസായങ്ങൾക്ക് ഏറ്റവും അനുകൂല സാഹചര്യം: മുഖ്യമന്ത്രി

**വ്യ**വസായങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനത്ത് ഏറ്റവും അനുകൂല സാഹചര്യമാണുള്ളതെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ചുള്ള വ്യവസായ നിക്ഷേപം ആകർഷിക്കലാണു കേരളം സ്വീകരിക്കുന്ന നയമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിയമസഭാ സാമാജികർക്കായി സംഘടിപ്പിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തിലെ വികസിത രാഷ്ട്രങ്ങളിലെ, പ്രത്യേകിച്ചു മധ്യവരുമാന രാഷ്ട്രങ്ങളിലെ, ജീവിതനിലവാരത്തിന്റെ തോതിലേക്ക് ഉയരാൻ കേരളത്തിനു കഴിയണമെന്നു മുഖ്യമന്ത്രി പറഞ്ഞു. കൂട്ടായി ശ്രമിച്ചാൽ ഇതു സാധിക്കും. ഓരോ മേഖലയും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളണമെന്നതാണ് ഈ ലക്ഷ്യപ്രാപ്തിക്ക് ഏറ്റവും പ്രധാനം. പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ പ്രവർത്തിക്കേണ്ട മേഖലയല്ലെന്നും അതിൽനിന്നു പിൻവലിയണമെന്നും ആസ്തികൾ വിറ്റു കാശാക്കി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്നുമുള്ള ചിന്താഗതി രാജ്യത്തു വലിയ തോതിൽ വളരുകയാണ്. ഇക്കാര്യത്തിൽ കേരളം ബദലാകുകയാണ്. പൊതുമേഖല സംരക്ഷിക്കുകയും ഒപ്പം വ്യാവസായിക വികസനത്തിന് ആവശ്യമായ വലിയ തോതിലുള്ള സ്വകാര്യ നിക്ഷേപം ആകർഷിക്കുകയും ചെയ്യുകയെന്നതാണു കേരളത്തിന്റെ നിലപാട്. സംസ്ഥാനത്തിന് അനുയോജ്യമായതും പരിസ്ഥിതിക്കു കോട്ടംതട്ടാത്തതുമായ വ്യവസായങ്ങൾ മാത്രമേ സ്വീകരിക്കൂ. അവയെ മാത്രമേ പ്രോത്സാഹിപ്പിക്കൂ- മുഖ്യമന്ത്രി വ്യക്തമാക്കി.

വൻകിട വ്യവസായങ്ങളിൽ ചിലതു കേരളത്തിലേക്കുവരാൻ തയാറായിട്ടുണ്ട്. ബഹുരാഷ്ട്ര കമ്പനികൾ പലതും ഇവിടേയ്ക്കു വരാൻ സന്നദ്ധത പ്രകടിപ്പിക്കുന്നു. ചിലതു വന്നുകഴിഞ്ഞു. ഇത് ഇനിയും ശക്തിപ്പെടുത്തണം. കേരളത്തിന്റെ സമ്പന്നമായ പ്രവാസി സമൂഹത്തിൽ പലരും വ്യവസായ മേഖലയിൽ വലിയ പ്രവർത്തനം നടത്തുന്നവരാണ്. ഇപ്പോൾ വ്യവസായ രംഗത്ത് ഇടപെട്ടു പ്രവർത്തിക്കുന്നവർക്കു സംസ്ഥാനത്തു പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും. വ്യവസായ ഗ്രൂപ്പുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കു കേരളത്തിലേക്കു വ്യവസായങ്ങൾ വരണമെന്നു സംരംഭകരോടു പറയാൻ കഴിയും. ഈ രണ്ടു സാധ്യതയും ഉപയോഗിക്കാൻ കഴിയണം. വൻകിട



വ്യവസായങ്ങൾക്കൊപ്പം ചെറുകിട വ്യവസായങ്ങളും വലിയ തോതിൽ പ്രോത്സാഹിപ്പിക്കപ്പെടണം. ചെറുകിട വ്യവസായ മേഖലയ്ക്കു കേരളത്തിൽ വലിയ സാധ്യതയുണ്ടെന്ന തിരിച്ചറിവിൽനിന്നാണ് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യം മുന്നോട്ടുവച്ചുള്ള മുദ്രാവാക്യം ഉയർത്തിയിരിക്കുന്നത്.

സംസ്ഥാനത്തെ വ്യവസായ മേഖലയിൽ നിലനിന്നിരുന്ന അനാരോഗ്യ പ്രവണതകൾ പൂർണമായി ഇല്ലാതാക്കാൻ കഴിഞ്ഞെന്നു മുഖ്യമന്ത്രി പറഞ്ഞു. ഏതെങ്കിലും വ്യവസായം ആരംഭിക്കാൻ ആരെങ്കിലും മുന്നോട്ടുവന്നാൽ അവർ നാടിനു പറ്റാത്തവരാണെന്ന സമീപനം സ്വീകരിക്കുന്ന മനോഭാവം ഇല്ലാതാക്കാൻ കഴിഞ്ഞു. ഉദ്യോഗസ്ഥതലത്തിലെ കാലതാമസവും ഒഴിവാക്കി. സമയബന്ധിതമായി തീരുമാനങ്ങളെടുക്കണം. വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ സ്ഥാപനത്തിന്റെ നിർമാണഘട്ടത്തിൽത്തന്നെ തങ്ങളുടെ ഇത്ര ആളുകൾക്ക് ജോലി വേണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യമുണ്ടായിരുന്നു. ഇതും പൂർണമായി ഇല്ലാതായി. നോക്കുകൂലിയുടെ കാര്യത്തിലും നല്ല രീതിയിലുള്ള മാറ്റമുണ്ടാക്കാൻ കഴിഞ്ഞു.

കഴിഞ്ഞ സർക്കാരിന്റെ കാലത്തു സംസ്ഥാനത്ത് 69,138 ഇടത്തരം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. 6,448 കോടിയുടെ നിക്ഷേപം അതുവഴി വന്നു. 2,45,369 തൊഴിലുകൾ ഇതുവഴി നൽകാൻ കഴിഞ്ഞു. ഈ സർക്കാർ ഒരു വർഷംകൊണ്ട് 17,855 സംരംഭങ്ങൾ ആരംഭിച്ചു. 1,736 കോടിയുടെ നിക്ഷേപം ഇതിലൂടെയുണ്ടായി.

64,541 തൊഴിലുകൾ സൃഷ്ടിച്ചു. ഇത്തരത്തിൽ കഴിഞ്ഞ ആറു വർഷംകൊണ്ട് 86,993 സംരംഭങ്ങൾ, 8,184 കോടിയുടെ നിക്ഷേപം, 3,09,910 തൊഴിലുകൾ എന്നിവ സംസ്ഥാനത്തു കൊണ്ടുവരാൻ കഴിഞ്ഞു. നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പുതിയ വ്യവസായങ്ങളും സംരംഭങ്ങളും ആകർഷിക്കുന്നതിനു നിയമസഭാ സാമാജികർ മുൻകൈയെടുക്കണം. ഇക്കാര്യത്തിൽ ആരോഗ്യകരമായ മത്സരമുണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംരംഭക വർഷം ആരംഭിച്ചതിനു ശേഷം സംസ്ഥാനത്ത് പുതുതായി 36,969 വ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതായി ചടങ്ങിൽ പങ്കെടുത്ത വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. മൂന്നു മാസംകൊണ്ടാണ് ഈ ലക്ഷ്യപ്രാപ്തി നേടാൻ കഴിഞ്ഞത്. സംസ്ഥാനത്തേക്കു കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കാനുള്ള നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചു കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതില്ലെന്നും വിറ്റു കാശാക്കണമെന്നുമുള്ള ചിന്താഗതി രാജ്യത്തു വ്യാപകമായിക്കൊണ്ടിരിക്കെ പൊതുമേഖലയെ ഒപ്പം നിർത്തുന്ന നിലപാടു സ്വീകരിച്ച് കേരളം ബദൽ മാതൃക സൃഷ്ടിക്കുകയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് പറഞ്ഞു.

ഓരോ നിയമസഭാ മണ്ഡലത്തിനുമായി വ്യവസായ വകുപ്പ് തയാറാക്കിയ കൈപ്പുസ്തകങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടന്നു. തൃത്താല മണ്ഡലത്തിന്റെ കൈപ്പുസ്തകം മുഖ്യമന്ത്രിയിൽനിന്നു നിയമസഭാ സ്പീക്കർ ഏറ്റുവാങ്ങി. ധർമടം മണ്ഡലത്തിന്റെ കൈപ്പുസ്തകം വ്യവസായ മന്ത്രിയിൽനിന്നു മുഖ്യമന്ത്രി ഏറ്റുവാങ്ങി. നിയമസഭയിലെ ശങ്കരൻ നാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല്, ഡയറക്ടർ എസ്. ഹരികിഷോർ തുടങ്ങിയവരും പ്രസംഗിച്ചു. മന്ത്രിമാർ, എം.എൽ.എമാർ തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുത്തു.

# മീറ്റ് ദി ഇൻവെസ്റ്റർ

## • ലഭിച്ചത് 7000 കോടി രൂപയുടെ നിക്ഷേപവാഗ്ദാനം

**സം**സ്ഥാന സർക്കാരിന്റെ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെ ഇതിനോടകം 7,000 കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭിച്ചു. നെസ്റ്റോ ഗ്രൂപ്പ് 700 കോടി രൂപയുടെ നിക്ഷേപം പ്രഖ്യാപിച്ചു. 75 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ടാറ്റ എലക്സിയുമായി ഒപ്പ് വച്ച് 10 മാസം കൊണ്ട് 2.17 ലക്ഷം ചതുരശ്ര അടി കെട്ടിടം കൈമാറി. കാക്കനാട് രണ്ട് ഘട്ടങ്ങളിലായി 1200 കോടി രൂപ നിക്ഷേപമുള്ള, 20000 പേർക്ക് തൊഴിൽ ലഭിക്കുന്ന പദ്ധതിക്ക് ടി.സി.എസുമായി ധാരാണാ പത്രം ഒപ്പുവച്ചു. ദുബായ് വേൾഡ് എക്സ്പോയിൽ പങ്കെടുത്തതിലൂടെയും നിക്ഷേപങ്ങൾ കേരളത്തിലേക്ക് വന്നു.

കൊച്ചി -ബംഗളൂരു വ്യവസായ ഇടനാഴിക്കായുള്ള 2220 ഏക്കർ ഭൂമിയുടെ 70 ശതമാനം ഭൂമി 10 മാസം കൊണ്ട് ഏറ്റെടുത്തു കഴിഞ്ഞു. കോവിഡ് കാരണം പ്രതിസന്ധിയിലായ എം.എസ്.എം.ഇ. മേഖലയ്ക്ക് കൈത്താങ്ങായി 1416 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കി. 50 കോടിയിൽ അധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് ഏഴ് ദിവസങ്ങൾക്കുള്ളിൽ അനുമതി നൽകുകയാണ്. 50 കോടി രൂപ വരെയുള്ള വ്യവസായങ്ങൾക്ക് അതിവേഗ അനുമതി നൽകുന്നതിന് കെ സ്വിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്. സംരംഭകരുടെ പരാതികളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നില്ലെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്ന് പിഴ ഈടാക്കും. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനായി കേന്ദ്രീകൃത പരിശോധനാ സംവിധാനം (കെ.സി.എസ്.) നിലവിൽ വന്നു. വ്യവസായങ്ങളുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ നല്ല രീതിയിൽ പുരോഗമിക്കുകയാണ്. കൂടുതൽ നിക്ഷേപം ആകർഷിക്കുക, പുത്തൻ സംരംഭങ്ങൾ കൊണ്ടുവരിക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യം പ്രതീക്ഷിച്ച നിലയിൽ മുന്നേറുകയാണ്.

കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയം രാജ്യത്തെ വ്യവസായ പാർക്കുകളുടെ പ്രകടനം വിലയിരുത്തി തയാറാക്കിയ റിപ്പോർട്ടിൽ കിൻഫ്രയ്ക്ക് കീഴിലുള്ള



അഞ്ച് പാർക്കുകൾക്ക് ദേശീയ അംഗീകാരം ലഭിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം 1,522 കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിൽ എത്തിക്കാനും 20,900 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞത് കിൻഫ്രയുടെ നേട്ടമാണ്. ഇൻഫോ പാർക്കിനടുത്ത് 10 ഏക്കർ ഭൂമിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള എക്സിബിഷൻ കം ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ ഒന്നര വർഷം കൊണ്ട് പൂർത്തിയാക്കും. സ്വകാര്യമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനു സർക്കാർ എല്ലാ സഹായവും നൽകും. ഈ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഏക്കറിന് 30 ലക്ഷം വരെ നൽകും. ഒരു എസ്റ്റേറ്റിന് പരമാവധി മൂന്നു കോടി രൂപ വരെയാണ് ഇങ്ങനെ നൽകുക.

ഇനിയും നിരവധി കാര്യങ്ങൾ ചെയ്യാനുണ്ടെന്നും മികച്ച മാതൃകകൾക്കായി മറ്റു സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും നോക്കാമെന്ന് ഇതുമായി ബന്ധപ്പെട്ട വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ഇതിന് എല്ലാവരുടേയും പിന്തുണ വേണം. എന്നാൽ ചില ഘട്ടങ്ങളിലെങ്കിലും പ്രത്യേക നശീകരണ മനോഭാവം കാണിക്കുന്ന സമീപനം ചില കേന്ദ്രങ്ങളിൽ നിന്നെങ്കിലും ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കണം എന്നാണ് അത്തരക്കാരോട് അഭ്യർത്ഥിക്കാനുള്ളതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ഒരുലക്ഷം സംരംഭങ്ങൾ യാഥാർഥ്യമാകുന്നതോടെ തൊഴിലില്ലായ്മ പൂർണമായി ഇല്ലാതാകും: മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ



'**ഒ**രു വർഷം ഒരുലക്ഷം സംരംഭങ്ങളെന്ന' ലക്ഷ്യത്തിലേക്ക് എത്തുന്നതോടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ പൂർണമായി ഇല്ലാതാകുമെന്ന് തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ. ഈ പ്രവർത്തനങ്ങളിൽ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷനുകൾക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതുതായി നിയമനം ലഭിച്ച എൻജിനിയർമാർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ സർട്ടിഫിക്കറ്റ് വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

അഞ്ചു വർഷം കൊണ്ട് 20 ലക്ഷം അഭ്യസ്ഥവിദ്യർക്കു തൊഴിൽ നൽകാനുള്ള നടപടികളിലാണു സർക്കാർ. കുടുംബശ്രീ വഴി 18 മുതൽ 40 വയസുവരെയുള്ള സ്ത്രീകളെ ഉൾപ്പെടുത്തി 19,000ൽ അധികം ഓക്സിലിയറി ഗ്രൂപ്പുകൾ ഇതിനോടകം രൂപീകരിച്ച് സംരംഭ പ്രോത്സാഹന പദ്ധതികളും ഒരുക്കുന്നുണ്ട്. വിജ്ഞാന സമൂഹമായി മാറാനും അതിനൊപ്പം വിജ്ഞാന സമ്പത്തിന്റെ ആസ്ഥാനമായി മാറുകയുമാണു കേരളം ലക്ഷ്യമിടുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. വകുപ്പിൽ പുതുതായി എത്തിയ എൻജിനിയർമാർക്കായി കിലയുടേയും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ കാര്യാലയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ തൃശൂർ കില ക്യാമ്പസിൽ പരിശീലനം സംഘടിപ്പിച്ചിരുന്നു. തുടർന്ന് രണ്ട് ദിവസത്തെ ഫീൽഡ് തല പ്രായോഗിക പരിശീലനവും നൽകി.


തിരുവനന്തപുരം നാലാഞ്ചിറ മാർ ഇവാനിയോസ് ക്യാമ്പസിലെ മാർ ഗ്രിഗോറിയസ് റിന്യുവൽ സെന്ററിൽ വെച്ചു നടന്ന ചടങ്ങിൽ പുതുതായി നിയമനം ലഭിച്ച 138 എൻജിനിയർമാർക്ക് മന്ത്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എൻജിനിയർ സന്ദീപ് കെ.ജി, എക്സിക്യൂട്ടീവ് എൻജിനിയർ ടി.എൻ. മിനി, റിട്ട.ചീഫ് എൻജിനിയർ കെ. സജീവൻ, എക്സിക്യൂട്ടീവ് എൻജിനിയർ ആർ. മുരളി, ഡെപ്യൂട്ടി ചീഫ് എൻജിനിയർ ബീന തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# വ്യവസായ ബന്ധബോർഡിന്റെ യോഗം കൂടി



**വ്യ**വസായ ബന്ധ ബോർഡിന്റെ പ്രഥമ യോഗം തിരുവനന്തപുരത്ത് ചേർന്നു. നിക്ഷേപസൗഹൃദ റാങ്കിംഗിൽ കേരളം മികച്ച മുന്നേറ്റം നടത്തുകയും സംരംഭക വർഷത്തിൽ പുതുസംരംഭകർ ഉയർന്നുവരികയും ചെയ്യുന്ന സാഹചര്യത്തിൽ ക്രിയാത്മക പങ്കാണ് ട്രേഡ് യൂണിയനുകളും വഹിക്കുന്നത്. ആരോഗ്യകരമായ തൊഴിലന്തരീക്ഷം ഉറപ്പാക്കുന്നതിനുള്ള മികച്ച നിർദ്ദേശങ്ങൾ ട്രേഡ് യൂണിയനുകൾ മുന്നോട്ടുവച്ചു. യോഗത്തിൽ സംസ്ഥാന വ്യവസായ മന്ത്രി പി.രാജീവ്, തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി, ട്രേഡ് യൂണിയൻ നേതാക്കളായ ആനത്തലവട്ടം ആനന്ദൻ, എളമരം കരീം, കെ.പി.രാജേന്ദ്രൻ, ആർ.ചന്ദ്രശേഖരൻ തുടങ്ങിയവർ സംബന്ധിച്ചു.

# പതിനാലാം പഞ്ചവത്സര പദ്ധതി: ആസൂത്രണ ബോർഡുമായി മന്ത്രി കൂടിക്കാഴ്ച നടത്തി



പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പ്ലാനിംഗ് ബോർഡുമായുള്ള വ്യവസായ, നിയമ, കയർ വകുപ്പുകളുടെ മന്ത്രിതല കൂടിക്കാഴ്ച നടന്നു. പഞ്ചവത്സര പദ്ധതി തുടരുന്ന ഏക സംസ്ഥാനമാണ് കേരളം. പദ്ധതിയുടെ സമീപനം, ലക്ഷ്യങ്ങൾ, പ്രക്രിയ എന്നിവ സംബന്ധിച്ച നിലപാട് രൂപീകരണമായിരുന്നു ഇന്നത്തെ കൂടിക്കാഴ്ചയുടെ അജണ്ട.

മതനിരപേക്ഷവും ജനാധിപത്യപരവും സാമൂഹ്യ ഉൾക്കൊള്ളലിനെ അടിസ്ഥാനമാക്കിയുള്ളതുമായ സമീപനത്തിലൂടെ അതിവേഗം വളരുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പ്രയാണത്തിൽ ആധുനിക പരമ്പരാഗത വ്യവസായമുൾപ്പെടെയുള്ള സമ്പത്തുത്പാദന മേഖലകളിൽ അതിവേഗം പുരോഗതി നേടേണ്ടതുണ്ട്. വൻകിട വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുമ്പോൾ തന്നെ നമ്മുടെ പ്രത്യേകതകൾ കണക്കിലെടുത്ത് എം.എസ്.എം.ഇ മേഖലയിൽ സംരംഭക വർഷം ആചരിച്ച് വലിയൊരു മുന്നേറ്റത്തിന് നാം ശ്രമം തുടങ്ങിക്കഴിഞ്ഞു. ഇതിനകം 38, 356 സംരംഭങ്ങളാണ് ഈ കാമ്പയിന്റെ ഭാഗമായി, ഈ സാമ്പത്തിക വർഷത്തിന്റെ ഇതുവരെയുള്ള പാദത്തിൽ ഉയർന്നുവന്നത്.

പുതുസംരംഭകർക്കുള്ള വായ്പാ സൗകര്യങ്ങൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യപദ്ധതികൾ, പൊതുമേഖല സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനിന് ആവശ്യമായ വിഭവ ലഭ്യത ഉറപ്പാക്കൽ, പരമ്പരാഗത മേഖലയിൽ ആധുനീകരണം, ഇ കോമേഴ്സ്, കേരളാ ബ്രാന്റ് ഉത്പന്നങ്ങളുടെ സൂപ്പർ മാർക്കറ്റുകൾ എന്നിവയുൾപ്പെടെ വിപണനോപാധികൾ വികസിപ്പിക്കൽ തുടങ്ങി ബഹുമുഖമായ ഒരു സമീപനമായിരിക്കും നാം പിന്തുടരുക. ദേശീയവും അന്തർദ്ദേശീയവുമായ സാമ്പത്തിക സ്ഥിതിഗതികൾ ഉയർത്തുന്ന പരിമിതികൾക്കുള്ളിൽ നിന്ന് വേണം ലക്ഷ്യം നേടാൻ.

ഇതിനുള്ള സമീപന വ്യക്തത കൈവരുത്താൻ കൂടിക്കാഴ്ച സഹായകരമായി.


## പ്രത്യേക ക്യാഷ് പ്രൈസ്

കയർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

# ഡിജിറ്റൽ മാധ്യമത്തിൽ മലയാളം ശക്തിപ്പെടുത്തുന്നതിൽ സ്കൂൾവിക്കിക്ക് വലിയ പങ്ക്: നിയമസഭ സ്പീക്കർ




**15,000** സ്കൂളുകളെ കോർത്തിണക്കി സ്കൂളുകളുടെ ചരിത്രവും വർത്തമാനവും തയാറാക്കുക എന്നതിലുപരി ഡിജിറ്റൽ മാധ്യമത്തിൽ മലയാളഭാഷ വളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന സംരംഭമാണ് കൈറ്റിന്റെ സ്കൂൾവിക്കിയെന്ന് സ്പീക്കർ എം.ബി രാജേഷ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 47 ലക്ഷം കുട്ടികൾ മലയാളം കംപ്യൂട്ടിംഗ് പരിചയപ്പെടുന്നത് വലിയ കാര്യമാണ്. കേവല കുശലാന്വേഷണങ്ങൾക്കുമപ്പുറം മൂല്യവത്തായ ജനാധിപത്യവത്കരണം ശക്തിപ്പെടുത്തുന്ന വിധത്തിൽ വളച്ചൊടിക്കാത്ത ചരിത്രം വെളിച്ചത്തു കൊണ്ടുവരാനുള്ള സാധ്യതകൾ സ്കൂൾവിക്കിക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം നിയമസഭാഹാളിൽ സ്കൂൾവിക്കി അവാർഡ് വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സ്പീക്കർ.

കേരളത്തിന്റെ ചരിത്രം വരുംതലമുറയ്ക്ക് കൈമാറാനുള്ള വലിയൊരു ഉപാധികൂടിയായ സ്കൂൾവിക്കിയിൽ കൃത്യമായി വിവരങ്ങൾ നൽകാനും പുതുക്കാനും സ്കൂളുകൾ ശ്രദ്ധിക്കണമെന്ന് ചടങ്ങിൽ ആധ്യക്ഷം വഹിച്ച പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. ഇന്ത്യയിൽ സ്കൂൾതലത്തിൽ ഏറ്റവും വലിയ ഡിജിറ്റൽ വിവരശേഖരണം നടത്തുന്ന ഇടമാണ് സ്കൂൾ വിക്കിയെന്നും മന്ത്രി പറഞ്ഞു. സഹിതം മെന്ററിംഗ് പോർട്ടലും സമഗ്ര റിസോഴ്സ് പോർട്ടലിലും ഈ മാസം മുതൽ അധ്യാപകർക്ക് പരിശീലനം നൽകുമെന്നും സ്കൂളുകൾക്ക് ഐ.ടി. പിന്തുണ നൽകാൻ കൂടുതൽ മാസ്റ്റർ ട്രെയിനർമാരെ കൈറ്റിന്റെ ഭാഗമാക്കി മാറ്റുമെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. ഗതാഗത മന്ത്രി ആന്റണി രാജു മുഖ്യാതിഥി ആയിരുന്നു. കൈറ്റ് സി.ഇ.ഒ കെ.അൻവർ സാദത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻബാബു കെ. ഐ.എ.എസ്., എസ്.ഇ.ആർ.ടി ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

സ്കൂൾ വിക്കി 2022 അവാർഡുകൾ നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ സ്പീക്കർ എം.ബി രാജേഷ് വിതരണം ചെയ്തു. സംസ്ഥാന സ്കൂൾവിക്കിയിൽ ഏറ്റവും മികച്ച രീതിയിൽ വിവരങ്ങൾ നൽകുന്ന സ്കൂളിന് കൈറ്റ് നൽകുന്ന രണ്ടാമത് കെ. ശബരീഷ് സ്മാരക പുരസ്കാരം കോഴിക്കോട് ജില്ലയിലെ എ.എം.യു.പി.എസ് മാക്കൂട്ടം സ്വന്തമാക്കി.ഒന്നരലക്ഷം രൂപയാണ് ഒന്നാം സമ്മാനം. രണ്ടാം സമ്മാനം നേടിയ മലപ്പുറം ജില്ലയിലെ ഒളകര ജി.എൽ.പി.എസിന് ഒരു ലക്ഷം രൂപയും മൂന്നാം സമ്മാനം നേടിയ തിരുവനന്തപുരം ജില്ലയിലെ കരിപ്പൂർ ജി.എച്ച്.എസിന് എഴുപത്തി അയ്യായിരം രൂപയും ലഭിച്ചു.

ജില്ലാതലത്തിൽ മത്സരിച്ച് 1739 സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത 86 സ്കൂളുകളാണ് സംസ്ഥാന തലത്തിൽ മത്സരിച്ചത്. ജില്ലാതല പുരസ്കാര ജേതാക്കൾ

**കാസർഗോഡ്:** ജി.എച്ച്.എസ്.എസ് തച്ചങ്ങാട് (ഒന്നാം സ്ഥാനം), ജി.യു.പി.എസ് ചെമ്മനാട് വെസ്റ്റ് (രണ്ടാം സ്ഥാനം), ഡോ.അംബേദ്കർ ജി.എച്ച്.എസ്.എസ് കോടോത്ത് (മൂന്നാം സ്ഥാനം)

**കണ്ണൂർ:** കമ്പിൽ മോപ്പിള ഹയർസെക്കൻഡറി സ്കൂൾ (ഒന്നാം സ്ഥാനം), ഗവ.യു.പി.എസ് മുഴക്കുന്ന് (രണ്ടാം സ്ഥാനം), എൻ.എ.എം.എച്ച്.എസ്.എസ് പെരിങ്ങത്തൂർ (മൂന്നാം സ്ഥാനം)

**വയനാട്:** അസംപ്ഷൻ എച്ച്.എസ് ബത്തേരി (ഒന്നാം സ്ഥാനം), ഗവ. എച്ച്.എസ്.എസ് വാകേരി (രണ്ടാം സ്ഥാനം), സെന്റ് തോമസ് ഇവാഞ്ചലിക്കൽ എൽ.പി.എസ് പടിഞ്ഞാറത്തറ (മൂന്നാം സ്ഥാനം)

**കോഴിക്കോട്:** ഫാത്തിമാബി മെമ്മോറിയൽ എച്ച്.എസ്.എസ് കൂമ്പാറ (ഒന്നാം സ്ഥാനം), നൊച്ചാട് എച്ച്.എസ്.എസ് കോഴിക്കോട് (രണ്ടാം സ്ഥാനം), കെ.കെ.എം.ജി.വി.എച്ച്.എസ്.എസ് ഓർക്കാട്ടേരി (മൂന്നാം സ്ഥാനം).

**മലപ്പുറം:** സി.ബി.എച്ച്.എസ്.എസ് വള്ളിക്കുന്ന് (ഒന്നാം സ്ഥാനം), ഗവ.എച്ച്.എസ്.എസ് ഇരുമ്പുഴി (രണ്ടാം സ്ഥാനം), എസ്.ഒ.എച്ച്.എസ് അരീക്കോട് (മൂന്നാം സ്ഥാനം).

പാലക്കാട്: ഗവ.വി.എൽ.പി.എസ് ചിറ്റൂർ (ഒന്നാം സ്ഥാനം), ഗവ.വി.എച്ച്.എസ്.എസ് വട്ടേനാട് (രണ്ടാം സ്ഥാനം), ആർ.കെ.എം.എൽ.പി.എസ് കല്യാണപേട്ട (മൂന്നാം സ്ഥാനം),

**തൃശൂർ:** മാതാ എച്ച്.എസ് മണ്ണംപേട്ട (ഒന്നാം സ്ഥാനം ), കെ.കെ.ടി.എം.ജി.ജി.എച്ച്.എസ്.എസ് കൊടുങ്ങല്ലൂർ (രണ്ടാം സ്ഥാനം), എസ്.എസ്.ജി.എച്ച്.എസ്.എസ് പുറനാട്ടുകര (മൂന്നാം സ്ഥാനം)

**എറണാകുളം:** എസ്.ഡി.പി.വൈ ബോയ്സ് എച്ച്.

എസ്.എസ് പള്ളുരുത്തി (ഒന്നാം സ്ഥാനം), അൽ ഫറൂഖിയ്യ ഹയർസെക്കൻഡറി സ്കൂൾ ചേരാനല്ലൂർ (രണ്ടാം സ്ഥാനം), ഔവർ ലേഡീസ് സി.ജി.എച്ച്.എസ്.എസ് പള്ളുരുത്തി (മൂന്നാം സ്ഥാനം)

**ഇടുക്കി:** ഗവ.എൽ.പി.എസ് കരിങ്കുന്നം (ഒന്നാം സ്ഥാനം), ഗവ.എച്ച്.എസ്.എസ് കുടയത്തൂർ (രണ്ടാം സ്ഥാനം), എം.എ.ഐ.എച്ച്.എസ് മുരിക്കടി (മൂന്നാം സ്ഥാനം)

കോട്ടയം: സെന്റ് എഫ്രേം എച്ച്.എസ്.എസ് മാന്നാനം (ഒന്നാം സ്ഥാനം), ബി.ഐ.ജി.എച്ച്.എസ് പള്ളം (രണ്ടാം സ്ഥാനം), എൻ.എസ്.എസ് എച്ച്.എസ്.എസ് കിടങ്ങൂർ (മൂന്നാം സ്ഥാനം)

**ആലപ്പുഴ:** ഗവ.ഡി.വി.എച്ച്.എസ്.എസ് ചാരമംഗലം (ഒന്നാം സ്ഥാനം), എം.ഐ.എച്ച്.എസ് പൂങ്കാവ് (രണ്ടാം സ്ഥാനം), ജി.യു.പി.എസ് വേളംകുളങ്ങര (മൂന്നാം സ്ഥാനം)

**പത്തനംതിട്ട:** എ.എം.എം.എച്ച്.എസ്.എസ് ഇടയാറുള (ഒന്നാം സ്ഥാനം), നേതാജി ഹയർസെക്കൻഡറി സ്കൂൾ പ്രമാടം (രണ്ടാം സ്ഥാനം), ഗവ.യു.പി.എസ് ചുമത്ര (മൂന്നാം സ്ഥാനം)

**കൊല്ലം:** ഗവ.എച്ച്.എസ്.എസ് അഞ്ചൽ വെസ്റ്റ് (ഒന്നാം സ്ഥാനം), ഗവ. എച്ച്.എസ്.എസ് സദാനന്ദപുരം (രണ്ടാം സ്ഥാനം), വിമലഹൃദയ ഗേൾസ് എച്ച്.എസ്.എസ് കൊല്ലം (മൂന്നാം സ്ഥാനം)

**തിരുവനന്തപുരം:** ഗവ. മോഡൽ എച്ച്.എസ്.എസ്. വെങ്ങാനൂർ (ഒന്നാം സ്ഥാനം), ഗവ.എച്ച്.എസ്. അവനവൻചേരി (രണ്ടാം സ്ഥാനം), ഗവ.വി.എച്ച്.എസ്.എസ് വീരണകാവ് (മൂന്നാം സ്ഥാനം)

# ചീഫ് സെക്രട്ടറി രചിച്ച ശാകുന്തളം കവിതയുടെ കഥകളി ആവിഷ്ക്കാരം അരങ്ങേറി



**കാ**ളിദാസന്റെ അഭിഞ്ജാനശാകുന്തളത്തെ ആസ്പദമാക്കി ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് എഴുതിയ ശകുന്തള എന്ന കവിതയുടെ കഥകളി ആവിഷ്ക്കാരം ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ നിർവഹിച്ചു. കഥകളിക്ക് ഉപജീവിക്കാവുന്ന കവിത രചിക്കുന്നത് ശ്ലാഘനീയമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു.

ആസ്വാദകരുടെ നിറഞ്ഞ സദസ് ഏറെ സന്തോഷം നൽകുന്നു. ഉത്തമമായി രചിക്കപ്പെട്ട കവിത കഥകളിയായി അവതരിപ്പിക്കുന്നതിന് രചയിതാവിനും നടൻമാർക്കും വിജയം ആശംസിക്കുന്നുവെന്നും അദ്ദേഹം കൂട്ടിചേർത്തു.

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി വി.പി ജോയ് അധ്യക്ഷത വഹിച്ചു. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പി. എസ് ശ്രീകല, ഡോ. പി. വേണുഗോപാലൻ എന്നിവർ ആശംസ അറിയിച്ചു.

ലക്ഷ്മിദാസ് കവിതാലാപനം നടത്തുകയും നീന ശബരീഷ് കഥാസന്ദർഭം അവതരിപ്പിക്കുകയും ചെയ്തു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി പ്രിയദർശനൻ പി.എസ് സ്വാഗതം ആശംസിക്കുകയും ആനി ജോൺസൺ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

# ഒ.എൻ.ഡി.സി ശിൽപശാല

**വ്യ**വസായ വാണിജ്യവകുപ്പ് ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന ഒ.എൻ.ഡി.സി ശിൽപശാല ബഹു. ചീഫ് സെക്രട്ടറി ഡോ. വി പി ജോയ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് എന്നത് ഓപ്പൺ സോഴ്സ് അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഉൽത്പന്നങ്ങൾ വിൽക്കാനും വാങ്ങാനും സഹായിക്കുന്ന സംവിധാനമാണ്.

ഇതിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭങ്ങൾക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിവിധ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കാൻ സാധിക്കും. ഇതിനുള്ള സാങ്കേതിക സഹായം ഒ.എൻ.ഡി.സി ലഭ്യമാക്കും. ചെറുകിട സംരംഭങ്ങൾക്കും വ്യാപാരികൾക്കുമുൾപ്പെടെ ഇന്നത്തെ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കാൻ സാധിക്കുമെന്നത് ഈ സംവിധാനത്തിന്റെ മേന്മയാണ്. നിലവിൽ സംസ്ഥാനത്തെ ഇ കൊമേഴ്സ് ഓപ്പറേറ്റേഴ്സും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമാണ് ഒ.എൻ.ഡി.സിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

# സർക്കാർ ഓഫീസുകളിൽ പണമടയ്ക്കാൻ ഇനി eT-R5; സംസ്ഥാനതല ഉദ്ഘാടനം ധനമന്ത്രി നിർവഹിച്ചു




**സം**സ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പണമടയ്ക്കുന്നതിന് ഇനി eT-R5. നേരത്തേയുള്ള പേപ്പർ T-R5നു പകരമായാണു പുതിയ ഇല്കട്രോണിക് റെസിപ്റ്റ് സംവിധാനം. ട്രഷറി സംവിധാനങ്ങളിലെ സുതാര്യതയും കാര്യക്ഷമതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് eT-R5 അടക്കമുള്ള നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതെന്നു പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

ട്രഷറി സംവിധാനങ്ങളുടെ സുരക്ഷയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി വരുന്ന ഓഗസ്റ്റ് മുതൽ ഉദ്യോഗസ്ഥർക്ക് ബയോമെട്രിക് ഒതന്റിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ട്രഷറിയെ സാങ്കേതികമായി മെച്ചപ്പെടുത്തുന്നതിനു നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രഷറി സെർവറിന്റെ ശേഷി വർധിപ്പിച്ചതും ഇതിന്റെ ഭാഗമായാണ്. ഇത്തരം നടപടികളിലൂടെ പൊതുജനങ്ങൾക്കു സർക്കാരുമായുള്ള സാമ്പത്തിക ഇടപാടുകളിൽ കൂടുതൽ വേഗതയും കൃത്യതയും ലഭ്യമാക്കാനാകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിലേക്കുള്ള വരവുകൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെയാക്കുന്നതിനായി രൂപം നൽകിയ ഇ-ട്രഷറിയിൽ പുതുതായി ഉൾപ്പെടുത്തി eT-R5 മൊഡ്യൂൾ വഴിയാണു ഇലക്ട്രോണിക് T-R5 പ്രവർത്തിക്കുന്നത്.

ഓഫീസ് ജീവനക്കാർക്ക് കംപ്യൂട്ടർ വഴിയും ഫീൽഡ് ജീവനക്കാർക്ക് മൊബൈൽ ഫോൺ വഴിയും ഇതു പ്രവർത്തിപ്പിക്കാം. ഇടപാടുകൾ അന്നന്നുതന്നെ റീകൺസിലിയേഷൻ നടത്താനാകും ഓഫീസുകളിൽ സ്വീകരിക്കുന്ന തുകയെക്കുറിച്ചുള്ള വിവരങ്ങൾ മേലധികാരികൾക്ക് ഏതുസമയവും പരിശോധിക്കാനാകുമെന്നതും പുതിയ സംവിധാനത്തിന്റെ പ്രത്യേകത.

തിരുവനന്തപുരം വിവാന്റ ഹോട്ടലിൽ നടന്ന ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, ഫിനാൻസ് റിസോഴ്സസ് സെക്രട്ടറി കെ. മുഹമ്മദ് വൈ സഫിറുള്ള, ട്രഷറി ഡയറക്ടർ വി. സാജൻ, ചീഫ് കൺട്രോളർ എം.എസ്. അജയകുമാർ, ജോയിന്റ് ഡയറക്ടർ ജിജു പ്രിജിത്ത്, എൻ.ഐ.സി. ടെക്നിക്കൽ ഓഫിസർ അജിത് ബ്രഹ്മാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു.

## കെ – ഫോണിന് കേന്ദ്രസർക്കാർ രജിസ്ട്രേഷൻ

# കെ–ഫോണിനെ ഔദ്യോഗിക ഇന്റർനെറ്റ് സേവനദാതാവായി അംഗീകരിച്ചത് അഭിമാനാർഹമായ നേട്ടം: മുഖ്യമന്ത്രി

**കേ**രള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡിന് (കെ-ഫോൺ) ഔദ്യോഗികമായി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.) കാറ്റഗറി ബി യൂണിഫൈഡ് ലൈസൻസ് നൽകി കേന്ദ്ര ടെലി കമ്മ്യൂണിക്കേഷൻസ് വകുപ്പ് ഉത്തരവിറക്കിയത് അഭിമാനാർഹമായ നേട്ടമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കേരളത്തിന്റെ അഭിമാന പദ്ധതിക്ക് സംസ്ഥാന പരിധിക്കകത്ത് ഇന്റർനെറ്റ് സേവന സൗകര്യങ്ങൾ നൽ



കാനുള്ള അനുമതി ലഭിച്ചിരിക്കുകയാണ്. ഇതോടെ സ്വന്തമായി ഐ.എസ്.പി. ലൈസൻസും ഇന്റർ നെറ്റ് പദ്ധതിയുമുള്ള സംസ്ഥാനമായി കേരളം മാറിയ തായി മുഖ്യമന്ത്രി പറഞ്ഞു.

കെ-ഫോൺ പദ്ധതിക്ക് ലഭിച്ചിരിക്കുന്ന ഐ. എസ്.പി. കാറ്റഗറി ബി ലൈസൻസ് ഒരു സർവീസ് മേ ഖലാപരിധിക്കകത്ത് ഇന്റർനെറ്റ് സൗകര്യങ്ങൾ നൽ കാനുള്ള പ്രവർത്തനാനുമതിയാണ്. ഇതുപ്രകാരം കേരള സർവീസ് മേഖലാ പരിധിക്കകത്ത് ഇന്റർ നെറ്റ് സേവനസൗകര്യങ്ങൾ നൽകാൻ കെ-ഫോണിന് ഇനി സാധിക്കും. ഇതിന്റെ ആദ്യപടിയെന്നോണം കെ-ഫോണിന് അടിസ്ഥാന സൗകര്യ സേവനങ്ങൾ നൽകു ന്നതിനാവശ്യമായ ഇൻഫ്രാസ്ട്രക്ചർ പ്രൊവൈ ഡർ കാറ്റഗറി 1 ലൈസൻസ് കഴിഞ്ഞയാഴ്ച കേന്ദ്രം അനുവദിച്ചിരുന്നു.

ഏകദേശം 30,000 ത്തോളം സർക്കാർ ഓഫീസു കളിൽ കെ-ഫോൺ വഴി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അ വസാനവട്ട ത/ാറെടുപ്പുകൾക്ക് ശേഷം ഇന്റർനെറ്റ് ലഭ്യമാക്കുന്നതോടെ ഇവിടങ്ങളിലെല്ലാം സർക്കാർ സേവനങ്ങൾ പേപ്പർ രഹിതമാകുന്നത് ത്വരിതപ്പെടും. കൂടുതൽ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു ജനസൗഹൃദാന്തരീക്ഷം സർക്കാർ ഓഫീസുകളിലു ണ്ടാകാനും ഉപകരിക്കും.

പൊതുജനത്തിന് കുറഞ്ഞ നിരക്കിലും ഗുണമേൻ മയോടു കൂടിയതുമായ അതിവേഗ ഇന്റർനെറ്റ് ലഭ്യമാ ക്കാനുദ്ദേശിച്ച് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. ഇന്റർനെറ്റ് ഒരു ജനതയുടെ അവകാശ മാണെന്ന് പ്രഖ്യാപിച്ച ഈ സർക്കാർ കേരളത്തിന് നൽകുന്ന വലിയ ഉറപ്പ് കൂടിയാണ് പദ്ധതി.

അവശവിഭാഗങ്ങൾക്ക് സൗജന്യമായും മറ്റുള്ള വർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സൗകര്യ ങ്ങൾ ലഭ്യമാക്കുന്ന കെ-ഫോൺ പദ്ധതി ടെലികോം മേഖലയിലെ കോർപ്പറേറ്റാധിപത്യത്തിനെതിരെയുള്ള ജനകീയ ബദൽ കൂടിയാണെന്ന് മുഖ്യമന്ത്രി അഭി പ്രായപ്പെട്ടു.

## മാതൃകയായി ഗോവിന്ദൻ മേസ്തിരി

# ഭിന്നശേഷി പുനരധിവാസകേന്ദ്രത്തിന് അമ്പതു സെന്റ് ഭൂമി മുഖ്യമന്ത്രി ഏറ്റുവാങ്ങി



**ഓ**ട്ടിസം ബാധിതനായ പേരക്കുട്ടിയുടെ കൂടി സംരക്ഷണത്തിനായി അസിസ്റ്റീവ് വില്ലേജ് സ്ഥാപി ക്കുന്നതിനായി പ്രവാസി അരയേക്കർ ഭൂമി സർക്കാ രിന് സൗജന്യമായി വിട്ടുനൽകി. കാട്ടാക്കട കുറ്റ മ്പള്ളി സ്വദേശി ഗോവിന്ദൻ മേസ്തിരിയിൽ നിന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഭൂരേഖകൾ ഏറ്റു വാങ്ങി. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദുവിന്റെ സാന്നിധ്യത്തിലായിരുന്നു രേഖാ കൈമാറ്റം. കാട്ടാക്കട എം.എൽ.എ. ഐ.ബി സതീഷിന്റെ മുൻകൈയിലാണ് സർക്കാരിന്റെ അസി സ്റ്റീവ് വില്ലേജ് പദ്ധതിക്ക് ഭൂമി ലഭ്യമാക്കിയത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ യാണ് പദ്ധതി നടപ്പിലാക്കുകയെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കേരളത്തെ ഭിന്നശേഷിസൗഹൃ ദമാക്കാൻ കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാ ക്കുന്ന 'അനുയാത്ര' പദ്ധതിയുടെ ഭാഗമായി ഇത് നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി യാഥാർ ത്ഥ്യമാവുന്നതോടെ ഭിന്നശേഷിക്കാരുടെ സമഗ്രമായ സാമൂഹ്യ പുനരധിവാസത്തിന് സർക്കാർ മേഖല യിൽ സ്ഥാപിക്കുന്ന രാജ്യത്തെതന്നെ മാതൃകാ സംരംഭമായി ഇതു മാറുമെന്ന് മന്ത്രി പറഞ്ഞു.

2021 ഫെബ്രുവരി അഞ്ചിന് 'നവകേരളം' പദ്ധതി യുടെ ഭാഗമായി 'നടന്ന ഭിന്നശേഷിക്കാരുമായുള്ള സംവാദ പരിപാടിയിൽ ഭിന്നശേഷിക്കാരുടെ രക്ഷി താക്കൾ അസിസ്റ്റഡ് ലിവിംഗ് ഹോം ആരംഭിക്ക ണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഈ ആവശ്യം പരി ഗണിച്ചാണ് സാമൂഹ്യനീതി വകുപ്പ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.

ഐ.ബി സതീഷ് എം.എൽ.എ., കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഷെറിൻ, കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. അനിൽകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി മിനി ചന്ദ്ര, സാമൂഹ്യസുരക്ഷാമിഷൻ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഭൂമിയുടെ രേഖാകൈമാറ്റം.

# ഇനി ഞാനൊഴുകട്ടെ

## ●12 കിലോമീറ്റർ പുഴകൾക്ക് പുതുജീവൻ
## ●വീണ്ടെടുത്തത് 45,736 കിലോമീറ്റർ നീർച്ചാലുകൾ

ജലസ്രോതസുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'ഇനി ഞാനൊഴുകട്ടെ' പദ്ധതി വഴി കേരളം വീണ്ടെടുത്തത് 45,736 കിലോമീറ്റർ നീർച്ചാലുകൾ. 412 കിലോമീറ്റർ ദൂരം പുഴയുടെ സ്വാഭാവിക ഒഴുക്കും വീണ്ടെടുത്തു. തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ തോടുകൾ, നീർച്ചാലുകൾ തുടങ്ങിയവയിൽ അടിഞ്ഞുകൂടിയ മാലിന്യം നീക്കംചെയ്ത് സ്വാഭാവിക ഒഴുക്ക് സാധ്യമാക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങളിലൂടെയാണ് ജലസ്രോതസുകൾ വീണ്ടെടുക്കാനായത്. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ദൂരം നീർച്ചാലുകൾ മാലിന്യമുക്തമാക്കിയിട്ടുള്ളത്, 10,885 കിലോമീറ്റർ. എറണാകുളം ജില്ലയിൽ 7,101 കിലോമീറ്ററും കോട്ടയം ജില്ലയിൽ 4,148 കിലോമീറ്റർ നീർച്ചാലുമാണ് വീണ്ടെടുത്തത്.

പ്രാദേശികാടിസ്ഥാനത്തിൽ നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനുള്ള പ്രത്യേക ഉദ്യമമായാണ് 'ഇനി ഞാനൊഴുകട്ടെ' കാമ്പയിൻ ആരംഭിച്ചത്. കാലവർഷത്തിൽ കോട്ടയം, ആലപ്പുഴ ഉൾപ്പെടെയുള്ള വിവിധ ജില്ലകളിൽ അതിതീവ്ര മഴ പെയ്ത സാഹചര്യത്തിൽ വെള്ളക്കെട്ടിന്റെ രൂക്ഷത കുറയ്ക്കാൻ ഇത് സഹായകമായി. വരട്ടാർ നദി പുനരുജ്ജീവനം, കാനാമ്പുഴ, കിള്ളിയാർ, ചാലംകോട് തോട്, പൂനൂർ പുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു നീരൊഴുക്ക് സാധ്യമാക്കാൻ ഹരിത കേരളം മിഷന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറെ ഗുണം ചെയ്തു. മീനച്ചിലാർ - മീനന്തറയാർ- കൊടൂരാർ പുനഃസംയോജനം നടത്തിയത് വഴി 5,200 ൽ അധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാൻ സാധിച്ചതും നേട്ടമാണ്.

ഓരോ തദ്ദേശ സ്ഥാപനങ്ങളിലും സ്വാഭാവിക ഒഴുക്ക് നഷ്ടമായ ജലാശയങ്ങൾ കണ്ടെത്തിയാണ് 'ഇനി ഞാനൊഴുകട്ടെ' പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. മൂന്നാം ഘട്ടത്തിൽ പശ്ചിമ ഘട്ടത്തിലെ ജലാശയങ്ങൾ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ജലസ്രോതസ്സുകളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിലൂടെ ഉരുൾ പൊട്ടൽ, മണ്ണിടിച്ചിൽ പോലുള്ളവ തടയുകയാണ് ലക്ഷ്യം. ഹരിതകേരളം മിഷൻ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് തൊഴിലാളികളാണ് മുഖ്യ പങ്ക് വഹിക്കുന്നത്.



ജനപ്രതിനിധികൾ, യുവജനങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രദേശവാസികൾ തുടങ്ങിയവരുടെ പിന്തുണയും ഉറപ്പാക്കുന്നുണ്ട്. നീർച്ചാലുകൾ കടന്നു പോകുന്ന വാർഡുകളിൽ പ്രത്യേക സംഘാടക സമിതി രൂപവത്ക്കരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വീണ്ടും മലിനീകരണം നടക്കാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളും ബോധവത്ക്കരണവും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു.

---

# മന്ത്രിമാരുടെ വെബ്സൈറ്റ് പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

മന്ത്രിമാരുടെ നവീകരിച്ച ഔദ്യോഗിക വെബ്സൈറ്റുകളുടെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സിഡിറ്റിന്റെ സാങ്കേതിക സഹായത്തോടെയാണ് വെബ്സൈറ്റുകൾ വികസിപ്പിച്ചത്.

എല്ലാ മന്ത്രിമാർക്കും ഔദ്യോഗിക വെബ്സൈറ്റ് നിലവിൽ വന്ന ആദ്യ സംസ്ഥാനമാണ് കേരളം. സർക്കാർ സംവിധാനങ്ങളും മന്ത്രിതലത്തിൽ നടക്കുന്ന ദൈനംദിന പ്രവർത്തനങ്ങളും പൊതുജനങ്ങളിലേക്ക് കൃത്യമായും സമഗ്രമായും വേഗത്തിലെത്തിക്കാൻ കഴിയും വിധമാണ് സൈറ്റുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. മന്ത്രിതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കാൻ തയാറാക്കിയ ഈ ഡിജിറ്റൽ സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ, പദ്ധതികൾ, ആനുകൂല്യങ്ങൾ, അവകാശങ്ങൾ തുടങ്ങിയവയുടെ അറിയിപ്പുകളും ലഭ്യമാകും.

ഓരോ മന്ത്രിമാരും കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങൾ, മന്ത്രിമാരുടെ പ്രൊഫൈൽ, ഓഫീസ് വിവരം, ഫോട്ടോ ഗാലറി, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, പ്രസംഗങ്ങൾ, ലേഖനങ്ങൾ, വകുപ്പുകളുടെ സൈറ്റുകളിൽ പ്രവേശിക്കാനുള്ള സംവിധാനം എന്നിവ ഉൾപ്പടെ വിപുലമായ സംവിധാനങ്ങളോടെയാണ് വെബ്സൈറ്റുകൾ ഒരുക്കിയിട്ടുള്ളത്.

അതത് ദിവസമുള്ള വാർത്തകൾ, പുത്തൻ പദ്ധതികൾ, മന്ത്രി തലത്തിൽ നൽകുന്ന അറിയിപ്പുകൾ തുടങ്ങിയവ നൽകാൻ പ്രത്യേക സംവിധാനമുണ്ട്. ഇക്കാര്യങ്ങൾ യഥാസമയം പുതുക്കാനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

# അങ്കണവാടി കുട്ടികൾക്ക് ഇനിമുതൽ പാലും മുട്ടയും



## • 61.5 കോടി രൂപയുടെ പോഷകാഹാര പദ്ധതിയുമായി പോഷക ബാല്യം
## • സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

**സം**സ്ഥാന വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന 61.5 കോടി രൂപയുടെ പോഷക ബാല്യം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഓഗസ്റ്റ് ഒന്നിന് ഉച്ചയ്ക്ക് 12ന് ഡി.പി.ഐ. ജവഹർ സഹകരണ ഭവനിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു മുഖ്യാതിഥിയാകും.

പോഷകബാല്യം പദ്ധതിയുടെ ഭാഗമായി അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് ഓഗസ്റ്റ് ഒന്നു മുതൽ പാലും മുട്ടയും നൽകുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള 33,115 അങ്കണവാടികളിലും പദ്ധതി നടപ്പിലാക്കും. കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനുമായാണ് ആഴ്ചയിൽ രണ്ട് ദിവസം മുട്ടയും, രണ്ട് ദിവസം പാലും നൽകുന്നത്. ഒരു കുട്ടിയ്ക്ക് ഒരു ദിവസം ഒരു ഗ്ലാസ് പാൽ വീതം ആഴ്ചയിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിലും, ആഴ്ചയിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ മുട്ടയും നൽകുന്നതാണ്. അങ്കണവാടിയിലെ 3 വയസ് മുതൽ ആറ് വയസ് വരെയുള്ള 4 ലക്ഷത്തോളം പ്രീസ്കൂൾ കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും, സാമൂഹികവും, ആരോഗ്യപരവുമായ വികാസത്തിന് ഊന്നൽ നൽകി ആറ് സേവനങ്ങളാണ് അങ്കണവാടി വഴി നൽകുന്നത്. ഇതിൽ ഒരു പ്രധാന സേവനമാണ് അനുപൂരക പോഷകാഹാര പദ്ധതി. ഈ പദ്ധതി പ്രകാരം, ആറു മാസം മുതൽ ആറു വയസ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം നൽകി വരുന്നു. ഇത് കൂടാതെയാണ് അങ്കണവാടി മെനുവിൽ പാലും മുട്ടയും ഉൾപ്പെടുത്തിയത്.

മിൽമ, പ്രാദേശിക ക്ഷീര സൊസൈറ്റി, കുടുംബശ്രീ, ക്ഷീരകർഷകർ എന്നിവർ വഴി ഈ പദ്ധതിയ്ക്ക് ആവശ്യമായ പാൽ അങ്കണവാടികളിൽ നേരിട്ട് എത്തിക്കും. ഈ സംവിധാനങ്ങൾ ഒന്നും ലഭ്യമല്ലാത്ത മലയോര ഗ്രാമ പ്രദേശങ്ങളിലെ 220 അങ്കണവാടികളിൽ മിൽമയുടെ യുഎച്ച്ടി പാൽ വിതരണം ചെയ്യും.

അങ്കണവാടികളിൽ ആനന്ദകരമായ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യപൂർണമായ ബാല്യം പ്രധാനം ചെയ്യുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ സാധ്യമാകുന്നതെന്നും മന്ത്രി പറഞ്ഞു.

നീണ്ടകഥ



# ഹൃദയ സുന്ദരി



റെജിമോൾ റഫീഖ്

**അ**തിമനോഹരമായ കുന്നിൻപുറം ഗ്രാമം. ധാരാളം നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുംപുഴകളും തോടും വർണിക്കാനാവാത്ത തരം പ്രകൃതിരമണീയമായ ഗ്രാമം. നിഷ്കളങ്കരും സത്യസന്ധരും ആയ ഒരു കൂട്ടം പച്ചയായ മനുഷ്യർ താമസിക്കുന്ന ഒരു കൊച്ചു ഗ്രാമം. ആ ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിൽപ്പെട്ടവൻ ആയിരുന്നു മണിയൻ. നിറയെ പൈസ സമ്പാദിക്കണം ജീവിതം മെച്ചപ്പെടുത്തണം എന്നൊക്കെയായിരുന്നു ചെറുപ്പം മുതലേ അവന്റെ ആഗ്രഹം. അവന്റെ ആഗ്രഹം പോലെതന്നെ യൗവനം എത്തിയപ്പോൾ അവൻ ഗൾഫിൽ പോയി കഠിനാധ്വാനം ചെയ്ത് ധാരാളം പണം സമ്പാദിച്ചു. ഒരു സുന്ദരി പ്പെണ്ണിനെ വിവാഹവും കഴിച്ചു.

കാലം മുന്നോട്ടു പോകെ അവർക്ക് അഞ്ച് മക്കൾ ജനിച്ചു. രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും. മൂത്ത മകനും ഇളയമകളും അച്ഛനെപ്പോലെ കറുത്തിട്ടായിരുന്നു. ബാക്കി രണ്ട് പെൺമക്കളും മകനും അമ്മയെ പോലെ വെളുത്തു ചുവന്നവരും. മക്കളെ പഠിപ്പിച്ച് വലിയ നിലയിൽ എത്തിക്കണം എന്നായിരുന്നു എല്ലാവരേയും പോലെ ഈ അച്ഛന്റെയും ആഗ്രഹം. മൂത്ത മകനെ ഡിഗ്രി കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസത്തിനായി ബാംഗ്ലൂരിലേക്ക് അയച്ചു. അന്ന് ആ നാട്ടിൽ ആദ്യമായി പുറത്തുപോയി പഠിക്കുന്നത് അവൻ മാത്രമായിരുന്നു. ബാക്കിയുള്ള മക്കളെ എല്ലാം നാട്ടിൽ തന്നെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വിട്ടാണ് പഠിപ്പിച്ചിരുന്നത്. ആഗ്രഹിക്കുന്നതെല്ലാം കൈക്കുമ്പിളിൽ കൊടുക്കുന്ന ആ അഛന്റെ മക്കൾ പക്ഷെ അഹങ്കാരികളായാണ് വളർന്നത്.

പക്ഷേ, ഇളയവൾ അവരിൽ നിന്നെല്ലാം വ്യത്യസ്തയായിരുന്നു. അവൾ തനി നാടൻ പെൺകുട്ടിയായാണ് വളർന്നുവന്നത്. നാടിന്റെ കണ്ണിലുണ്ണിയായി അവൾ വളർന്നുവന്നു. ആ വീട്ടിൽ നാട്ടുകാരുമായി അടുപ്പമുള്ളത് അവൾക്കു മാത്രമായിരുന്നു. ഗ്രാമത്തിലെ ഓരോ കാഴ്ചകളും ആ കൊച്ചു പെൺകുട്ടിയുടെ ഡ്രോയിങ് ബുക്കിൽ അതിമനോഹരമായ ചിത്രങ്ങളായി പതിയാൻ തുടങ്ങി. ഇതിനിടയിലെപ്പെഴോ ആ ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിലെ ആൺകുട്ടിയുമായി അവൾ പ്രണയത്തിലായി. പുറത്ത് ആർക്കും അറിയാത്ത അവർക്കു മാത്രം അറിയാവുന്ന ഒരു മനോഹരമായ പ്രണയം. അമ്പലത്തിലും കോളേജിലും മറ്റും പോകുമ്പോൾ വഴിയരികിൽ നിന്ന് ഒരു നോട്ടത്തിലും ഒരു ചിരി പാസാക്കലിലുമായിരുന്നു ആ പ്രണയം മുന്നോട്ടു പോയത്. അങ്ങനെയിരിക്കെ മൂത്ത രണ്ട് സഹോദരിമാരുടെയും കല്യാണമായി. ഇതുവരെ ആ നാട്ടുകാർ കണ്ടിട്ടില്ലാത്ത തരം കല്യാണം. ഉയർന്ന ജോലിയും കുടുംബ മഹിമയും ഉള്ള വീടുകളിലേക്കാണ് ഒത്തിരി സ്വർണവുംപണവും നൽകി രണ്ട് പെൺമക്കളെയും കെട്ടിച്ചയച്ചത്. അങ്ങനെ അവർ ആഗ്രഹിച്ചത് പോലെ ആർഭാടപരമായ ഒരു കുടുംബ ജീവിതം അവർക്ക് കിട്ടി. അതോടെഅവരുടെ ഗർവ്വും അഹങ്കാരവും ഇരട്ടിച്ചു.

പക്ഷേ, അവളുടെ ജീവിതത്തിലേക്ക് കാലം കാത്തു വെച്ചത് മറ്റുചിലതായിരുന്നു. ചേച്ചിമാരുടെ കല്യാണത്തിനു ശേഷം ഗൾഫിൽ പോയ അവരുടെ അച്ഛനെ കുറിച്ച് ഒരു അറിവും പിന്നീട് ഉണ്ടായില്ല. മൂത്ത ചേട്ടൻ ബാംഗ്ലൂരിൽ മയക്കുമരുന്ന് കേസിൽ ജയിലിലായ വാർത്തകൂടി എത്തിയതോടെ ആ കുടുംബത്തിന്റെ താളം തെറ്റാൻ തുടങ്ങി.

ഇളയ മകൻ ഉണ്ടായിരുന്ന സമ്പാദ്യം മുഴുവൻ ധൂർത്തടിച്ചു തീർത്തു. ഇതെല്ലാം കണ്ട് അവരുടെ അമ്മ മനസ്സുനൊന്തു മരിച്ചു. താൻകണ്ട നിറമുള്ള സ്വപ്നങ്ങൾ എല്ലാം തകർന്നടിയുന്നതിന് വേദനയോടെ അവൾ സാക്ഷിയായി. കല്യാണ പ്രായമായ അവളുടെ കാര്യം ശ്രദ്ധിക്കാൻ അവിടെ ആരും ഇല്ലാതായി. ഒരിക്കൽ അമ്പലത്തിൽ പോകും വഴിയിൽ അവൾ സ്നേഹിക്കുന്ന പയ്യനെ കണ്ടു. അന്ന് ആദ്യമായി അവൾ അവനോട് മിണ്ടാൻ തീരുമാനിച്ചു. അങ്ങനെ അവൾ പതുക്കെ അവന്റെ അടുക്കലേക്ക് ചെന്നു.

ഒരു ചെറിയ പുഞ്ചിരിയും നാണവും അവളുടെ മുഖത്ത് പ്രത്യക്ഷപ്പെട്ടു. ആദ്യമായി അവൾ അവനോട് ചോദിച്ചത് തന്നെ വിവാഹം കഴിക്കാമോ എന്നായിരുന്നു. ആ വീട്ടിൽ നിന്നും എങ്ങനെയും പുറത്തു പോകണം എന്നതായിരുന്നു അവളുടെ ചിന്ത. പക്ഷേ അവനിൽ നിന്നും കേട്ട മറുപടി അവളെ വല്ലാതെ ഞെട്ടിപ്പിച്ചു കളഞ്ഞു.

*(തുടരും...)*

# അനുശോചനം, ആദരാഞ്ജലികൾ

**പ്രതാപ് പോത്തൻ**

**ന**ടനും സിനിമാ സംവിധായകനുമായ പ്രതാപ് പോത്തന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി



വിജയൻ അനുശോചിച്ചു. അയത്നലളിതവും വ്യത്യസ്തവുമായ അഭിനയത്തിലൂടെ ജനഹൃദയങ്ങളിൽ ഇടം നേടിയ പ്രതിഭയെയാണ് നഷ്ടമായത്. സംവിധായകൻ എന്ന നിലയിലും നിർമാണ രംഗത്തെ സംഭാവന കൊണ്ടും തെന്നിന്ത്യൻ സിനിമയിൽ തന്റേതായ മുദ്രപതിപ്പിച്ച കലാകാരനായിരുന്നു അദ്ദേഹം.

ഇടക്കാലത്ത് ചലച്ചിത്ര രംഗത്തുനിന്ന് വിട്ടുനിന്നപ്പോഴും ആസ്വാദക മനസ്സുകളിൽ പ്രതാപിന്റെ സ്ഥാനം മങ്ങിയില്ല. മലയാള ചലച്ചിത്രത്തിലെ മാറുന്ന ഭാവുകത്വത്തിനൊപ്പം അഭിനയത്തിലൂടെ പ്രതാപ് സഞ്ചരിച്ചു. തകര അടക്കമുള്ള ചിത്രങ്ങളിലെ തനിമയാർന്ന വേഷങ്ങൾ തലമുറയിൽ നിന്ന് തലമുറകളിലേക്ക് പകരുന്ന അനുഭവം തന്നെയാണ്. വ്യത്യസ്ത ഘട്ടങ്ങളിൽ രാഷ്ട്രീയ സാമൂഹ്യ വിഷയങ്ങളിൽ ശരിയായ അഭിപ്രായപ്രകടനങ്ങൾ നടത്തിയും അദ്ദേഹം ശ്രദ്ധേയനായിട്ടുണ്ട്.

തന്റെ അവസാനകാലത്തും ഊർജസ്വലതയോടെ സിനിമാരംഗത്ത് സജീവമായി തുടരാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രതാപ് പോത്തന്റെ വിയോഗത്തിൽ ദുഃഖിക്കുന്നവർക്കൊപ്പം പങ്കുചേരുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

**മെട്രോ വാർത്ത ചീഫ് എഡിറ്റർ ഗോപികൃഷ്ണൻ**

**മെ**ട്രോ വാർത്ത ചീഫ് എഡിറ്റർ ആർ. ഗോപികൃഷ്ണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മാധ്യമപ്രവർത്തനത്തിന്റെ ധാർമികതയും മൂല്യങ്ങളും ഉയർത്തിപ്പിടിച്ച വ്യക്തിയായിരുന്നു ഗോപികൃഷ്ണൻ. വ്യത്യസ്തത പുലർത്തുന്നതും ശ്രദ്ധേയവുമായ ധാരാളം അഭിമുഖങ്ങളും വാർത്തകളും അദ്ദേഹത്തിന്റേതായുണ്ട്. വിവിധ മാധ്യമങ്ങളിൽ ലേഖകൻ മുതൽ ചീഫ് എഡിറ്റർ വരെ സ്ഥാനങ്ങളിൽ തിളക്കമാർന്ന പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ചവച്ചത്.ഗോപികൃഷ്ണന്റെ ആകസ്മിക വിയോഗത്തിൽ കുടുംബാംഗങ്ങളെയും സഹപ്രവർത്തകരെയും മുഖ്യമന്ത്രി അനുശോചനം അറിയിച്ചു.

**മു**തിർന്ന മാധ്യമ പ്രവർത്തകനും മെട്രൊ വാർത്ത ചീഫ് എഡിറ്ററുമായ ആർ ഗോപീകൃഷ്ണന്റെ മരണത്തിൽ മന്ത്രി പി.രാജീവ് അനുശോചിച്ചു. പത്രപ്രവർത്തന രംഗത്ത് അദ്ദേഹം നൽകിയ സംഭാവ



നകൾ വളരെ വലുതാണ്. രാഷ്ട്രീയ വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിൽ അദ്ദേഹം പുലർത്തിയ മികവ് മാതൃകാപരമാണ്. ദീർഘകാലം അച്ചടിമാധ്യമ രംഗത്തുണ്ടായിരുന്ന അദ്ദേഹവുമായി പത്രാധിപരായിരുന്ന ഘട്ടത്തിൽ ആരംഭിച്ച പരിചയം അതിന് ശേഷവും തുടരാൻ സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണത്തിൽ ബന്ധുമിത്രാദികളുടെയും മാധ്യമപ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നു. ആദരാഞ്ജലി നേരുന്നു.

**ഗാന്ധിയൻ പി. ഗോപിനാഥൻ**



ഗാന്ധിയൻ പി. ഗോപിനാഥൻ നായരുടെ നിര്യാണത്തിൽ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ. അനിൽ അനുശോചിച്ചു. മഹാത്മാഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ്, ശാന്തിസേന, ഭൂദാനപ്രസ്ഥാനം എന്നിവയിലെല്ലാം തന്റെ കർമ്മനിരതമായ ജീവിതത്തിലൂടെ രാജ്യത്തിനാകെ വഴി കാട്ടിയായ വ്യക്തിത്വമായിരുന്നു അദ്ദേഹം.

സത്യപ്രതിജ്ഞ ചെയ്ത് മന്ത്രിയായി ചുമതലയേറ്റയുടൻ അദ്ദേഹത്തെ സന്ദർശിക്കുകയും അനുഗ്രഹം വാങ്ങുകയും ചെയ്ത കാര്യം മന്ത്രി ജി.ആർ. അനിൽ അനുസ്മരിച്ചു. പൊതുജീവിതത്തിൽ സംഭവിക്കുന്ന മൂല്യശോഷണത്തെപ്പറ്റി അദ്ദേഹം വ്യക്തിപരമായി ഏറെ ദുഖിതനായിരുന്നു എന്നതും മന്ത്രി എടുത്തു പറഞ്ഞു.




Coirfed

The Kerala State Co-operative Coir Marketing Federation Ltd. No.679

PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013

E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-07-2022, July 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705